

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാമ്പാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ:
13-1746/2024

കെ.എസ്.എ.കെ.ടി.എം.പി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 15/11/2024
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി തീയ്യതി: 15/11/2024
13-1746/2024

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	16-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	16-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി.ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഡാലി റോയ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി സുജ മാത്യൂ	സെക്രട്ടറി	01-04-2023	17-05-2023
ശ്രീ റോയി കെ ജോർജ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	18-05-2023	11-07-2023
ശ്രീമതി റ്റി. ആശാറാണി	സെക്രട്ടറി	12-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അനിൽകുമാർ റ്റി.എസ്.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	03-05-2023
ശ്രീ റോയി കെ. ജോർജ്	അസിസ്റ്റന്റ് സെക്രട്ടറി	04-05-2023	31-03-2024
ശ്രീമതി ഷീനാമോൾ പി.ബി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി ദിവ്യ റ്റി. എൽ.	കൃഷി ഓഫീസർ	01-04-2023	31-07-2023
ശ്രീ തോമസ് ബേബി മാത്യൂ	കൃഷി ഓഫീസർ	01-08-2023	10-10-2023
ശ്രീമതി സൂര്യാമോൾ റ്റി.ആർ.	കൃഷി ഓഫീസർ	11-10-2023	07-01-2024
ശ്രീമതി സുജാത പി.എസ്.	കൃഷി ഓഫീസർ	08-01-2024	20-03-2024
ശ്രീമതി ദിവ്യ പൂജ ബി.	കൃഷി ഓഫീസർ	21-03-2024	31-03-2024
ഡോ. കുക്കു അച്ചാമ്മ	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ. നിഖില സജീവൻ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2023	31-03-2024
ഡോ. സൗധ ഇ. എ.	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	21-08-2023
ഡോ. ശിൽപ്പകല പി.എൻ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	22-08-2023	05-09-2023
ഡോ. ഷംസാദ് മജീദി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	05-09-2023	31-03-2024
ശ്രീ അരുൺ പി. സുരേന്ദ്രൻ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി സൗത്ത്)	01-04-2023	10-07-2023

ശ്രീ അനിൽകുമാർ കെ.എസ്.	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഇൻ ചാർജ്(പാമ്പാടി സൗത്ത്)	11-07-2023	27-07-2023
ശ്രീ മനു മോഹൻ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഇൻ ചാർജ്(പാമ്പാടി സൗത്ത്)	27-07-2023	18-10-2023
ശ്രീ അനിൽകുമാർ കെ.എസ്.	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി നോർത്ത്)	01-04-2023	07-11-2023
ശ്രീ രാഹുൽ രാമചന്ദ്രൻ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി നോർത്ത്)	08-11-2023	31-03-2024
ശ്രീമതി മായ ബി.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി ഓമന മാത്യു	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീ കണ്ണൻ എം. വി.	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ശ്യാമദരൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2023	16-02-2024
ശ്രീ സനീഷ് ദിനേശൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	16-02-2024	27-03-2024
ശ്രീമതി ഐശ്വര്യ സാലി	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	27-03-2024	31-03-2024
ഡോ. സജിമോൻ പി പി	മെഡിക്കൽ ഓഫീസർ-PHC	01-04-2023	31-03-2024
ശ്രീമതി നാദിഷ പി എം	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി സൗത്ത്)	18-10-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ജനറൽ ഫണ്ട് വിശദാംശം ലഭ്യമായില്ല	1-1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല	1-1-3
5	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	വരവിനങ്ങളുടെ ഡി.സി.ബി. കൃത്യമല്ല	1-1-5
7	ഗുണഭോക്തൃവിഹിതം നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.	1-1-6
8	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച ACR കൃത്യമല്ല.	1-1-7
9	ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല-	1-1-8
10	ഗ്രാന്റ് തുക വാർഷികകണക്കുകളിൽ വ്യത്യാസപ്പെട്ടിരിയ്ക്കുന്നു-	1-1-9
11	ലോൺ തുകയിലെ വ്യത്യാസം	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	വാർഷികപദ്ധതി അവലോകനം.	1-5
16	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
17	സാമൂഹ്യസുരക്ഷ പദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പൂതുക്കിയ നിരക്ക് ബാധകമായിട്ടില്ല	1-11
22	കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത ഗണമായി പരിഗണിച്ചു	1-12
23	വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ	1-13
24	ആതുരാലയം എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ഒഴിവാക്കി	1-14
25	മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചില്ല	1-15
26	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല	1-16
27	തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.	1-17
28	വാടക കുടിശികയായി തുടരുന്നു.	1-18
29	കരാറില്ലാതെ മുറികൾ വാടകയ്ക്ക് നൽകി	1-19

30	ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ ഒഴിവായിക്കിടക്കുന്നു.	1-20
31	വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു	1-21
32	ഗ്രാമപഞ്ചായത്തിന്റെ വിവിധ വസ്തുവകകളുടെ ലേല നടപടികൾ പൂർത്തീകരിച്ചില്ല	1-22
33	തനതുഫണ്ട് ചെലവുകൾ- അനുബന്ധ രേഖകൾ ലഭ്യമല്ല.	1-23
34	മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ -തുടർ പ്രവർത്തനങ്ങൾ ഇല്ല.	1-24
35	പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ- അധിക തുക നൽകി	1-25
36	തെരുവുവിളക്ക് പരിപാലനം-എൻ എച്ച് സൈഡിലുള്ളവ-രേഖകൾ പൂർണമല്ല.	1-26
37	ആർടാക്ട് -റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പൂർത്തീകരിച്ചിട്ടില്ല.	1-27
38	വൃദ്ധർക്ക് കട്ടിൽ വിതരണം-പദ്ധതി നിർവഹണത്തിലെ അപാകതകൾ.	1-28
39	മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തീകരിച്ചില്ല.	1-29
40	ആശ്രയ- മുൻ വർഷങ്ങളിൽ ലഭിച്ച വികസനഫണ്ട് ചെലവഴിയ്ക്കാൻ ശേഷിയ്ക്കുന്നു	1-30
41	ജലജീവൻ മിഷൻ പദ്ധതി -തകർന്ന റോഡുകളുടെ പുനർനിർമ്മാണം അനിശ്ചിതാവസ്ഥയിൽ.	1-31
42	വെറ്ററിനറി ആശുപത്രി അടിസ്ഥാന സൗകര്യവികസനം-റിട്ടെൻഷൻ കുറവ് ചെയ്ത നടപടിയിൽ അപാകത	1-32
43	ലക്ഷ്യപ്രാപ്തി നേടാത്ത കുടിവെള്ള പദ്ധതി - 456996രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33
44	സാംസ്കാരികനിലയത്തിന് ചുറ്റുമതിൽ നിർമ്മാണം -സാംസ്കാരികനിലയം അവഗണിക്കപ്പെട്ട നിലയിൽ.	1-34
45	പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം -പിഴ ഈടാക്കിയത് കുറവ്	1-35
46	ലക്ഷ്യം കൈവരിക്കാത്ത കുടിവെള്ളപ്രോജക്ടുകൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നു.	1-36
47	നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-37
48	ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാനവശേഷിക്കുന്നു	1-38
49	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം -ഹരിതകർമ്മസേനയിലൂടെ	1-39

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പാമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26-06-2024-ലെ 2-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 07-09-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ,1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയുള്ള വാർഷിക ധനകാര്യപത്രികകൾ

31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 15.11.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമായില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ വിശദാശം ലഭ്യമല്ല

വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് , മുന്നിരിപ്പ് വിശദാംശമുൾപ്പെടെ രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 350400999- Refund Of Unutilized Grants- Prior Period, 350800102-liability In Respect Of Payments Returned ശീർഷകങ്ങളിലെ ബാധ്യത നിലനിൽക്കുന്നത് ഏതിന്റെയാണെന്നതിന്റെ വിശദാംശമില്ല.

1-1-5 വരവിനങ്ങളുടെ ഡി.സി.ബി. കൃത്യമല്ല

അക്രുവൽ വരവുകളായ കെട്ടിട വാടക, തൊഴിൽ നികുതി (സ്ഥാപനം, ജീവനക്കാർ) എന്നിവയുടെ ഡി.സി.ബി. തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഡിസിബി കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ടേഡേഴ്സിന്റെ തൊഴിൽ നികുതി സംബന്ധിച്ച് ഡിസിബി തയ്യാറാക്കിയിട്ടില്ല . ലൈസൻസ് ഫീ, പാരാമെഡിക്കൽ രജിസ്ട്രേഷൻ തുടങ്ങി മറ്റു നികുതിയേതര വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കിയിട്ടില്ല. ബസ്സ്റ്റാന്റ് കളക്ഷൻ തുക വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-6 ഗുണഭോക്തൃവിഹിതം നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം സ്പിൽഓവറായി നടപ്പാക്കിയ ജീ-ബിൻ വിതരണപ്രോജക്ടിനായി (പ്രോ.നം. 197/24) 22-23 വർഷം ഗുണഭോക്തൃവിഹിതമായി പിരിച്ച

111370- രൂപ 22-23 വാർഷികകണക്കുകളിൽ 320800101 ശീർഷകത്തിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരുന്നില്ല. അതുപോലെ തൻവർഷം നടപ്പാക്കിയ ജീ-ബിൻ വിതരണത്തിനായുള്ള മറ്റ് 2 പ്രോജക്ടുകൾക്കായി (പ്രോ.നം.31/24, പ്രോ.നം284/24) ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച 109650- (54825+54825) രൂപ തൻവർഷം ചെലവഴിച്ചിട്ടില്ലെങ്കിലും ബി4 ഷെഡ്യൂളിലെ നിശ്ചിത ശീർഷകത്തിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച ACR കൃത്യമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും ഗുണഭോക്തൃ വിഹിതത്തിന്റെയും മുന്നിരിപ്പ് വിശദാംശം എ.സി.ആറിൽ ലഭ്യമല്ല. മാത്രമല്ല പല ഇനങ്ങളിലെയും തുകകൾ വാർഷികകണക്കുകളിലേതുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. 320800101 -ഗുണഭോക്തവിഹിതം, 320200104 ധനകാര്യകമ്മീഷൻ (അൺടൈഡ്), 320200113- ധനകാര്യകമ്മീഷൻ (ടൈഡ്), 320300199 ലൈഫ് സ്റ്റോക്ക് ഷെയർ, എന്നീയിനങ്ങളിലെ തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളും വാർഷിക കണക്കുളുമായി പൊരുത്തപ്പെടുന്നില്ല-

ഡെപ്പോസിറ്റ് രജിസ്റ്ററിലെ Bidders EMD , Contractors Retention, Auction Deposit, Deposits Of Halls And Auditorium എന്നീയിനങ്ങളിലെ തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-9 ഗ്രാന്റ് തുക വാർഷികകണക്കുകളിൽ വ്യത്യാസപ്പെട്ടിരിയ്ക്കുന്നു-

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ചെലവും, സൂലേഖ ചെലവുപത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. വാർഷികകണക്കുകൾ പ്രകാരമുള്ള ധനകാര്യകമ്മീഷൻ ഇനത്തിലെ തുകകളും മാനുവൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1-1-10 ലോൺ തുകയിലെ വ്യത്യാസം

31.03.2024 ലെ KURDFC ലോൺ ശീർഷകത്തിലെയും Prepaid Programme ചെലവുകളുമായി 440000/- രൂപയുടെ വ്യത്യാസം കാണുന്നു. ലോൺ എടുത്തതിന് ശേഷം ചെലവഴിക്കാത്ത തുകയാണ് അപ്രകാരം വ്യത്യാസമായി കാണേണ്ടത്. ലോൺ തുക ചെലവഴിക്കാൻ അവശേഷിക്കുന്നതിനാൽ അക്കൗണ്ടിംഗ് അപാകത നിലനിൽക്കുന്നു.

1-2 ബജറ്റ്

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2023 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 06/02/2024 ലെ 3-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്(01/04/2023)	37854592/-	49104502/-
2023-24 വരവ്	249588000/-	286027485/-
ആകെ വരവ്	287442592/-	335131987/-

2023-24 ചെലവ്	274373400/-	299136107/-
നീക്കിയിരിപ്പ്(31/03/2024)	13069192/-	35995880/-

പുതുക്കിയ ബജറ്റ് പ്രകാരം 28.60 കോടി രൂപ വരുമാനവും 29.91 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 15.64 കോടി രൂപയും ചെലവ് 14.95 കോടി രൂപയുമാണുള്ളത്. ബജറ്റ് പുതുക്കുമ്പോൾ സാമ്പത്തികവർഷത്തെ അതുവരെയുള്ള വരവ്-ചെലവുകളും കണക്കാക്കി ആനുപാതികമായിട്ടാണ് തുകകൾ നിശ്ചയിക്കേണ്ടത്. 6.37 കോടി രൂപ മുന്നിരിപ്പ് ഉള്ളത് സാമ്പത്തിക വർഷം ആരംഭിച്ച ശേഷം വ്യക്തമായിരുന്നിട്ടും 4.91 കോടി എന്ന് മുന്നിരിപ്പ് കണക്കാക്കിയാണ് വർഷാവസാനം ബജറ്റ് പുതുക്കിയത്.

ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കി കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2023-24

മുന്നിരിപ്പ് (01/04/2023)	63666148/-
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	57766845/-
ആകെ(മുന്നിരിപ്പ് ഉൾപ്പടെ)	121432993/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	48665167/-
നീക്കിയിരിപ്പ് (31/03/2024)	72767826/-

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	156485733/-
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	149504098/-
പ്രവർത്തന ലാഭം (Gross Surplus)	6981635/-
അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	112556/-
അറ്റ പ്രവർത്തന ലാഭം	7094191/-

ഓഡിറ്റ് പ്രത്യവലോകനം 2023-24

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3949431/-

1-4 ഗ്രാന്റ് വിനിയോഗം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	0	23653000/-	23653000/-	23364710/-	288290/-	98.78
വികസന ഫണ്ട്-SCP	0	4297000/-	4297000/-	3480196/-	816804/-	80.99
വികസന ഫണ്ട്-TSP	0	103000/-	103000/-	83000/-	20000/-	80.58
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	692653/-	4464382/-	5157035/-	2883970/-	2273065/-	55.92
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	2957454/-	2937500/-	5894954/-	2203832/-	3691122/-	37.38
മെയിന്റനൻസ് ഗ്രാന്റ്-Road	0	6546650/-	6546650/-	5585887/-	960763/-	85.32
മെയിന്റനൻസ് ഗ്രാന്റ്-Non Road	0	2867400/-	2867400/-	2848054/-	19346/-	99.32
TSC ഫണ്ട്	25047/-	0	25047/-	0	25,047/-	-
ICDS ഫണ്ട്	1559088/-	1611543 + 39548 (Int)	3210179/-	907518/-	2302661/-	-
സാക്ഷരത ഫണ്ട്	32000/-	0	32000/-	0	32000/-	-
ശുചിത്വ മിഷൻ	2200859/-	0	2200859/-	0	2200859/-	-
Health Grant-1	34112/-	435000/- + 6165/-	475277/-	374964/-	100313/-	

		(Int)				
Health Grant-2	2204/-	1059000 + 13131 (Int)	1074335/-	0	1074335/-	-
ആയുർവേദ ഫണ്ട്	34338/-	0	34338/-	0	34338/-	-
ഖരമാലിന്യ സംസ്കരണ ഫണ്ട്	335174/-	0	335174/-	0	335174/-	-
ആയുഷ് ഗ്രാന്റ്	606852/-	0	606852/-	147660/-	459192/-	-
LIFE State Fund	2264022/-	782800/-	3046822/-	2640000/-	406822/-	

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അങ്കണവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

സർക്കാർ ഗ്രാന്റ് - ഇനം	സംസ്ഥാന ബജറ്റ് അലോട്ട്മെന്റ്	അധിക/ ക്യാരി ഓവർ അലോട്ട്മെന്റ്	ആകെ ലഭിച്ച അലോട്ട്മെന്റ്	സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഒ. പ്രോജക്ട്)	ആകെ അറ്റ അലോട്ട്മെന്റ്
വികസന ഫണ്ട്-General	23653000/-		23653000/-	344/24-554800-346/24-554800-349/24-554800- ആകെ-1664400/-	21988600/-
വികസന ഫണ്ട്-SCP	4297000/-	ഇല്ല	4297000/-	350/24-74398-345/24-74399-347/24-74399- ആകെ-223,196/-	4073804/-
ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied	692653/-	3917000/- + 134318 (പലിശ) 413064	5157035/-	ഇല്ല	5157035/-
ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied	2957454/-	2937500/-	5894954/-	ഇല്ല	3691122/-

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ, ചെലവഴിക്കാതെയുള്ള ആകെ തുക 5964187/- രൂപ ബാങ്കിൽ (Kerala Gramin Bank Account No.40542101033254) നീക്കിയിരിപ്പായി അവശേഷിക്കുന്നു. വാർഷികകണക്കിൽ RP 40(b) ഷെഡ്യൂളിലെയും B4 ഷെഡ്യൂളിലെ CFC Tied , Untiedതുകകൾ തമ്മിൽ കൂട്ടുമ്പോഴുള്ള ആകെ തുകയും തമ്മിൽ 383331/- രൂപയുടെ വ്യത്യാസമുണ്ട്. സിഎഫ് സി ഗ്രാന്റിലെ വ്യത്യാസം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.1/10-10-24) മാർച്ച് അവസാന ആഴ്ചയിൽ ഇ-ഗ്രാം വഴി സമർപ്പിയ്ക്കപ്പെട്ട ചില ബില്ലുകൾ ഇ-ഗ്രാമിൽ സാങ്കേതികമായി സംഭവിച്ച അപാകത മൂലം ഇ-ഗ്രാമിൽ ഫുൾ പേയ്മെന്റ് ആകാതെ വരികയും

എന്നാൽ സാംഖ്യയിൽ ഫുൾ പേയ്മെന്റ് ആകുകയും ചെയ്തതിനാലാണ് ഈ വ്യത്യാസം വന്നതെന്നാണ് അറിയിച്ചത്. ബാങ്ക് പാസ്ബുക്കും റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധിച്ച് കൃത്യമായ തുകയാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്കായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2.ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 134318/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. കൂടാതെ റീഫണ്ടായി സി എഫ് സി അക്കൗണ്ടിലേയ്ക്ക് തിരികെ വന്ന 413064/- രൂപയും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

3.ഹെൽത്ത് ഗ്രാന്റുകളുടെ(Health Grant-1,2) ചെലവ്, കേന്ദ്രാവിഷ്കൃത ഫണ്ടായി സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ആകെ പ്രോജക്ട് ചെലവിൽ ടി ഫണ്ട് ചെലവ് ഉൾപ്പെട്ടിട്ടുണ്ട്.

4.320200399 ശീർഷകത്തിലെ 01/04/2023 ലെ മുന്നിരിപ്പ് തുകയായ 606852/- രൂപയിൽ ആയുഷ് ഗ്രാന്റിനത്തിലെ 450000/- രൂപയും ഏതിനമെന്ന് തിരിച്ചറിയാൻ സാധിയ്ക്കാത്ത 156,852/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സുസ്ഥിര വികസനലക്ഷ്യങ്ങളിലൂന്നി കേരളത്തെ വൈജ്ഞാനികസമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക, കേരളത്തിന്റെ സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക, പിന്നാക്ക, പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വികസനം, ആഗോള സുസ്ഥിരവികസനലക്ഷ്യങ്ങൾ നിശ്ചിതസമയത്തിന് മുൻപേതന്നെ കൈവരിക്കുക,കേരളത്തിലെ ജനങ്ങളുടെ ജീവിതഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളായി നിശ്ചയിച്ച് അത് നേടുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൈവരിക്കേണ്ട സവിശേഷ വികസന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയുണ്ടായി. പ്രസ്തുത വികസനലക്ഷ്യങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച നവകേരള കർമ്മപദ്ധതി വികസനദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയുമായി ഏകോപിപ്പിക്കുംവിധം വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു.

ആയതിലേക്ക് കൃത്യമായ പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ 29-12-2022 -ൽ യോഗം ചേർന്ന് വാർഷികപദ്ധതി യിൽ ഉൽപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തി. പദ്ധതി രൂപീകരണ ഗ്രാമസഭകൾ 31-12-2022മുതൽ 09-01-2023 വരെയുള്ള കാലയളവിലും വികസനസെമിനാർ 16-02-2023ലും നടക്കുകയുണ്ടായി. ഇങ്ങനെ നിശ്ചിത സമയക്രമം പാലിച്ചുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള വിശകലനങ്ങൾ, നിർദ്ദേശങ്ങൾ, ചർച്ചകൾ എന്നിവയുടെ ഫലമായി ഉരുത്തിരിഞ്ഞ 2023-24വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 83898/23/DPC/DPO/KTM തീയതി 03/02/2024ഉത്തരവിലൂടെ ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചു.

വാർഷിക പദ്ധതിയുടെ സംക്ഷിപ്തം

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ	ചെലവ്	ചെലവ് ശതമാനം
268	174	164138007	62783773	38

അംഗീകാരം ലഭിച്ച 268 പ്രോജക്ടുകളിൽ 174 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 66 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. അവയിൽ 43 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.പദ്ധതി അടങ്കൽ തുകയിൽ ജി.ഒ പ്രോജക്ടുകളായി സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ ഗ്രാന്റുകളിൽ നിന്ന് കുറവ് ചെയ്ത1887596/-രൂപഉൾപ്പെടുന്നില്ല.

വിവിധനിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ

പദ്ധതി നിർവ്വഹണചുമതല 14 ഉദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവഹണോദ്യോഗസ്ഥൻ	പ്രോജക്ടുകൾ	നടപ്പാക്കിയത്	ആകെ വകയിരുത്തൽ	ചെലവ്	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	9	9	1946585	1602485	82
2	വെറ്ററിനറി സർജൻ	7	7	4082400	3187256	78
3	മെഡി.ഓഫീസർ, പി.എച്ച്.സി	16	14	4933870	3329631	67
4	മെഡി.ഓഫീസർ, ആയുർവേദം	4	4	1140000	1136163	100
5	മെഡി.ഓഫീസർ, ഹോമിയോ	2	2	185000	176543	95
6	വി.ഇ.ഒ 1	13	9	8426400	4535665	54
7	ഐ.സി.ഡി.എസ് സൂപ്പർവൈസർ	9	7	8725000	5265385	60
8	സെക്രട്ടറി	58	37	19593625	10134787	52
9	അസി.എൻജിനീയർ	119	60	49112918	14803040	30
10	വി.ഇ.ഒ 2	9	7	58431900	13703633	23
11	ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	1	160000	64000	40

12	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	4	4	4488865	2706241	60
13	അസി.സെക്രട്ടറി	9	6	1059944	606160	57
14	ഹെഡ് മാസ്റ്റർ	8	7	1851500	1532784	83
ആകെ		268	174	164138007	62783773	38

വാർഷികപദ്ധതി- നടപടിക്രമങ്ങൾ, രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് വിവരങ്ങൾ.

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗ്രകൾ സമയക്രമം പാലിച്ച് നടത്തുകയുണ്ടായി. മീറ്റിംഗ്രകളുടെ മിനിറ്റ്സ് മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്.
വാർഷിക പദ്ധതിക്കായി ആകെ വകയിരുത്തിയ 164138007/-രൂപയിൽ ചെലവഴിച്ചത് 62783773/-രൂപ ആണ്. പദ്ധതി ചെലവ് 38% മാത്രമാണ്.
അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയ 49112918/രൂപയിൽ 30% മാത്രമാണ് (14803040/-) ചെലവഴിച്ചത്.

കുടിവെള്ള പ്രോജക്ടുകൾ, അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ ഏകവർഷ പ്രോജക്ടുകളായി ആരംഭിച്ച് പല പ്രോജക്ടുകളും വർഷങ്ങളായി സ്പിൽ ഓവറായി തുടരുകയും പൂർത്തീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിൽ നിന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ആവശ്യകതയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാക്കുന്നത്.കൂടാതെ ബഹുവർഷങ്ങളായി നടപ്പാക്കുന്ന പ്രോജക്ടുകളിൽ അതിന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി വിവിധവർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കി മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യവർഷം തന്നെവാങ്ങണമെന്ന വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 ഖണ്ഡിക 3.5.2(4) ലെ നിബന്ധന പാലിക്കാതെയാണ് കുടിവെള്ള പദ്ധതികൾ,കെട്ടിടനിർമ്മാണ പ്രോജക്ടുകൾ എന്നിവ ഏറ്റെടുക്കുന്നത് എന്ന് കാണുന്നു.
ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ അനിവാര്യത, പ്രായോഗികക്ഷമത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

ലാപ്സായ ഗ്രാന്റ് തുകകൾ

പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ എത്തിക്കുന്നത് സാമ്പത്തികവർഷാവസാനം ആക്കുന്നത് ഒഴിവാക്കി യഥാസമയം ബില്ലുകൾ മാറാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. 1419949/- രൂപ മെയിന്റനൻസ് ഫണ്ട് റോഡ് ഉൾപ്പെട്ട രണ്ട് പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ വിലായിരുന്നു.ഗ്രാന്റ് വിനിയോഗത്തിൽ പൊതുവെ കാര്യക്ഷമതപുലർത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	288290
വികസന ഫണ്ട്-എസ്.സി.പി	816804
വികസന ഫണ്ട്-ടി.എസ്.പി	20000
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	960763
മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്	19346
ആകെ	2105203/-

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്ന് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മിക്കവാറും നിഷ്ക്രിയാവസ്ഥയിലായിരുന്നുവെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 20 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 88 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ലേബർബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 596 പദ്ധതികളിൽ 55 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 53 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 42137 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 572 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി നീർത്തടാധിഷ്ഠിത പ്രവൃത്തികളായ മഴക്കുഴി നിർമ്മാണം, ഫല വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കൽ പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	3113	611310	614423	610816	3607
തൊഴിലാളികൾക്ക് നേരിട്ടു നൽകിയത്	0	15888403	15888403	15888403	0
ആകെ	3113	16499713	16502826	16499219	3607

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2023-24 വർഷം പാമ്പാടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ

ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	2760/-	4
വാർദ്ധക്യകാലപെൻഷൻ	36745000/-	3446
കർഷകതൊഴിലാളി പെൻഷൻ	2630800/-	224
വിധവാപെൻഷൻ	11577900/-	1055
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	469800/-	45
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള പെൻഷൻ	3219900/-	292

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന പാമ്പാടി പഞ്ചായത്തിൽ 07.10.2024 ന് 3.15 പി എം ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 96629/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ 2024 ഓഗസ്റ്റ് മാസം വരെ തയാറാക്കിയിട്ടുണ്ട്. മുൻകൂർ രജിസ്റ്ററർ, നിക്ഷേപ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് ടേഡേഴ്സ് ലിസ്റ്റ് മതിയായ വിവരങ്ങൾ ചേർത്ത് തയാറാക്കി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി ഉൾപ്പെടെയുള്ള റവന്യൂ വിഭവ സമാഹരണ പ്രക്രിയ പൊതുവെ കാര്യക്ഷമമാണ്. നികുതി പിരിവിലുൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സ് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

തനത് ഫണ്ട് സൂക്ഷിക്കുന്ന കറന്റ് അക്കൗണ്ടിലുൾപ്പെടെ വലിയതുകകൾ ബാക്കിനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പലിശരഹിത അക്കൗണ്ടുകളിൽ ഇപ്രകാരം സൂക്ഷിക്കുന്ന തുക ജനോപകാരപ്രദമായ പ്രോജക്ടുകൾക്കായി വിനിയോഗിക്കുകയോ മികച്ച പലിശവരുമാനം ലഭ്യമാകുംവിധം സ്ഥിരനിക്ഷേപമാക്കിമാറ്റുകയോ ചെയ്യുന്നത് അഭികാമ്യമാണ്.

വാർഷികപദ്ധതിയിൽ ലഭ്യമായ ഗ്രാന്റ് തുകകൾ വിനിയോഗിക്കുന്നതിൽ കാര്യക്ഷമതപുലർത്തിയിട്ടുണ്ട്. എന്നാൽ സ്പിൽ ഓവറുൾപ്പെടെ അംഗീകാരം വാങ്ങിയ പലപ്രോജക്ടുകളും നടപ്പിലാക്കാൻ സാധിച്ചില്ലയെന്ന സാഹചര്യവും നിലനില്ക്കുന്നു. വാർഷിക പദ്ധതിയിലുൾപ്പെടെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാന ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27/07/2022	07/2021 – 03/2022	25/10/2022
അക്കൗണ്ടന്റ് ജനറലിന്റെഓഡിറ്റ്	18/09/2023-29/09/2023	01/04/2018 മുതൽ 31/03/2023 വരെ	AMG-I/(HQ) /III/C-3/GP/8A-55/2023-24/229 തീയതി-31/10/2023

1-11 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ(എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവ് അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതുക്കിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തത് ഗ്രാമപഞ്ചായത്ത് ഭരണസമിതി 8/8/2023-ലെ 3(1)തീരുമാനപ്രകാരം അന്തിമമാക്കിയിട്ടുണ്ട്.

2023-24-ലെ സപ്ലിമെന്ററി അസസ്സ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ഭൂരിഭാഗം കെട്ടിടങ്ങൾക്കും 2013 മുതൽ പ്രാബല്യത്തിലുള്ള നികുതി നിരക്ക് (പഴയ നിരക്ക്) തന്നെയാണ് ബാധകമാക്കിയിട്ടുള്ളതെന്ന് കാണുന്നു. പ്രധാന ഉപയോഗക്രമങ്ങളിൽപെട്ട കെട്ടിടങ്ങളുടെ നികുതി നിരക്കിലുള്ള വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

ഉപയോഗക്രമം	നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക് (രൂപ)	നിർണ്ണയിക്കേണ്ട നിരക്ക് (രൂപ)	വ്യത്യാസം (രൂപ) ചതുരശ്ര മീറ്ററിന്
പാർപ്പിടാവശ്യം (300 ച.മീ.	6	8	2

വരെയുള്ളവ)			
100 ച.മീ. വരെയുള്ള വാണിജ്യാവശ്യം	40	50	10
100 ച.മീ. മുകളിൽ 500 ച.മീ വരെ വാണിജ്യാവശ്യം	55	70	15
500 ച.മീ. മുകളിലുള്ള വാണിജ്യാവശ്യം	75	100	25
മൊബൈൽ ടവർ	500	600	100

ഇപ്രകാരം പഴയ നിരക്കിൽ നികുതി നിർണയിച്ചതിനാൽ നികുതി നിർണയത്തിൽ കുറവുണ്ടായ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

ക്രമ നം	കെട്ടിട നം., കെട്ടിട ഉടമ	ഉപയോഗക്രമം	വിസ്തീർണ്ണം (ച.മീ.)	നിലവിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി
1	111/122C രാമൻ ഗോപാലൻ	വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ മുകളിൽ	241.53	13284	16908
2	11/515A ഇൻഡസ് ടവേഴ്സ്	മൊബൈൽ ടവർ	26	13000	15600
3	V1/639A സതീഷ്.എ.എസ്	പാർപ്പിടാവശ്യത്തിനുള്ള 300 ച.മീറ്റർ വരെ	288.81	1732	2311

01.04.2023-ന ശേഷവും പഴയ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ ഓരോ ചതുരശ്ര മീറ്ററിനും പട്ടികയിൽ സൂചിപ്പിച്ച നിരക്കിൽ കുറവുണ്ടാകുന്നതായി കാണുന്നു. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക് (16/14.10.24) സമർപ്പിച്ച മറുപടിയിൽ 8.8.23 മുതൽക്കാണ് പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതെന്നും മേൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് പുതുക്കിയ നിരക്കിൽ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷനുള്ള അനുമതി നിലവിൽ IKM ലഭ്യമാക്കിയിട്ടുള്ളതിനാൽ അവസരം വിനിയോഗിച്ച് അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത

ഗണമായി പരിഗണിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) ' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ നികുതി നിർണ്ണയ പത്രികകൾ (ഫോം-6) പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത ഗണത്തിൽ ഉൾപ്പെടുത്തി വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

റോഡിന്റെ പേര്	കെട്ടിട നമ്പർ	ഉടമസ്ഥൻ	വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന ഗണം (ഫോം- 6 പ്രകാരം)
ബസ്റ്റാന്റ് സിംഹാസനപ്പള്ളി റോഡ്	6/351 D1 ,A1,B1,B2,C,D,E-1818.2 ച.മീ	സാബു.ടി.എം	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
	6/353 H 88.82 ച.മീ	ബെൻ.കെ.ഫിലിപ്പ്	5 മീറ്ററോ അതിൽ കൂടുതൽ
	6/353 F 112.76 ച.മീ	ബിനോ.കെ.ഫിലിപ്പ്	5 മീറ്ററോ അതിൽ കൂടുതൽ
പാമ്പാടി-പങ്ങട റോഡ്	6/156 B	കെ.എം.ചന്ദ്രബോസ് ,രാധാമണി	5 മീറ്ററോ അതിൽ കൂടുതൽ
	6/203A,B,C	റെജി സഖറിയ,വെള്ളിലാവുങ്കൽ	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
കെ.കെ റോഡ്	6/335 A മുതൽ K വരെ,6/335 P,Q,R,O	ജോൺ പേഴമറ്റം	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
	6/265A,B	അനിൽ. കെ.കൃഷ്ണൻ	5 മീറ്ററോ അതിൽ കൂടുതൽ

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക് (26/15.10.24) മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)

ചട്ടങ്ങളിലെ ചട്ടം 21(1) അനുസരിച്ച് ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്യ കൊടുക്കാവുന്നതാണ്. ഉപചട്ടം(2) (എ) പ്രകാരം കെട്ടിട ഉടമയോ, അയാളുടെ ഏജന്റോ.- (I) ആ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നോ, അല്ലെങ്കിൽ (Ii) ആ കെട്ടിടം ഏത് തീയതി മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ ഉള്ള വിവരം ഉൾപ്പെടുത്തി സെക്രട്ടറിക്ക് നോട്ടീസ് കൊടുക്കാത്ത പക്ഷം, (1)-ാം ഉപചട്ടപ്രകാരം സെക്രട്ടറി നികുതി ഇളവ് ചെയ്യ കൊടുക്കുവാൻ പാടില്ലാത്തതാണ്.

പ്രസ്തുത ചട്ടത്തിലെ ഉപചട്ടം 2(ബി) (1)-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്യ കിട്ടുന്നതിനുള്ള കാലയളവ് കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ, ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു. (എ) ഖണ്ഡപ്രകാരമുള്ള ഏതൊരു നോട്ടീസിന്റെയും കാലാവധി അത്, ഏത് അർദ്ധ വർഷത്തെ സംബന്ധിച്ചാണോ നൽകുന്നത്, ആ അർദ്ധവർഷത്തോടുകൂടി അവസാനിക്കുന്നതും അതിന് ശേഷം അതിന് യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആണെന്ന് 2(സി) ഉപചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വേക്കൻസി റെമിഷന് അപേക്ഷ നൽകുന്ന തീയതി പരിഗണിക്കാതെ ഗ്രാമപഞ്ചായത്തിലെ ചില കെട്ടിടങ്ങൾക്ക് മുൻ അർദ്ധവർഷങ്ങളിലെ ഉൾപ്പെടെ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്വെയറിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്,കെട്ടിട നം.	ഫയൽ നമ്പർ & തീയതി	Vacancy		വേക്കൻസി റെമിഷൻ അനുവദിച്ച അർദ്ധ വർഷം
		From Period	To Period	
ശ്രീ.എബ്രഹാം സ്കറിയ, മാറ്റേൽ വാണിജ്യം 14/173,174	File No: SC1-6289/23, File Date: 30.10.23	1.4.23	30.9.23	23-24 1-ാം അർദ്ധവർഷം
നൈനാൻ.വി.എബ്രഹാം 16/956 F13,F8	File No: SC1-7278/23, File Date: 19.3.24	1.10.23	31.3.24	23-24 2-ാം അർദ്ധവർഷം
അലക്സ് ഫിലിപ്പ്& ബിന്ദു ഫിലിപ്പ് 16/768C,768D	File No: SC1-7661/23, File Date: 24.3.24	1.10.23	31.3.24	23-24 2-ാം അർദ്ധവർഷം
ബെന്നി വർഗ്ഗീസ് & ബിന്ദു കുര്യാക്കോസ് 6/836B,C,D	File No: SC1-1862/24 File Date: 22.3.24	1.10.23	31.3.24	23-24 2-ാം അർദ്ധവർഷം

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക്

(21/15.10.24) സമർപ്പിച്ച മറുപടിയിൽ കെട്ടിടങ്ങളുടെ നികുതി ഇളവ് പുനപരിശോധിച്ച് നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരിഹാര നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വേക്കൻസി റെമിഷൻ അനുവദിക്കുന്ന അവസരങ്ങളിൽ ചട്ടങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-14 ആതുരാലയം എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ഒഴിവാക്കി

ഗ്രാമപഞ്ചായത്തിന്റെ 16-ാം വാർഡിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ആശ്വാസ ഭവൻ എന്നയാളുടെ പേരിലുള്ള ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ ആതുരാലയം എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

കെട്ടിട നം	വിസ്തീർണ്ണം (ച,മീ)
16/212	400
16/213	130
16/215	210

നിലവിൽ ടി കെട്ടിടത്തിൽ ആതുരാലയം പ്രവർത്തിക്കാത്ത സാഹചര്യത്തിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക് (27/15.10.24) സമർപ്പിച്ച മറുപടിയിൽ നികുതി പുനർ നിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

1-15 മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 17-ാം വാർഡിൽ വോഡാഫോൺ ഐഡിയ, ജിയോ എന്നിവയുടെ ഉടമസ്ഥതയിൽ പുതുതായി നിർമ്മിച്ച മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചതായ രേഖകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആകയാൽ നികുതി നിർണ്ണയിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി നൽകിയതിന് (നം.28/15.10.24) നികുതി നിർണ്ണയിക്കുന്നതിനായി രേഖകൾ ഹാജരാക്കുവാൻ മൊബൈൽ ടവർ സേവന ദാതാവിന് അറിയിപ്പ് നല്കിയിട്ടുണ്ടെന്നും നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നല്കി. ടി മൊബൈൽ ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ച തീയതിമുതലുള്ള നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ മൊബൈൽ ടവറുകളും നികുതി പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-16 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/2023 നമ്പർ വിജ്ഞാപനം) "കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽപ്പെടുന്ന

കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. പാമ്പാടി ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ ആവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് 6/ച.മീ. നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്. പ്രസ്തുത ഭേദഗതിയനുസരിച്ച് ഗ്രാമപഞ്ചായത്തിലെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ വിമലാംബിക പബ്ലിക് സ്കൂൾ, ജൂനിയർ ബസേലിയോസ് സ്കൂൾ തുടങ്ങിയവയുടെ വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (13/14.10.24) സമർപ്പിച്ച മറുപടിയിൽ ടി സ്ഥാപനങ്ങളുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടെന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതിനിർണ്ണയവുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതിയുടെ കൃത്യമായ ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .

2023-24 വർഷത്തെ തൊഴിൽ നികുതി വരവുകൾ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്.

എ)ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	നികുതി ഒടുക്കാത്ത അർദ്ധ വർഷം
1	ശ്രീഭദ്ര പബ്ളിക്ക് സ്കൂൾ,പാമ്പാടി	1, 2
2	എം.എം.പി .എസ്,വെള്ളൂർ	1,2
3	പ്രോമിസ് ഹോം ഗാലറി	2
4	ജി ടെക് കംപ്യൂട്ടർ എഡ്യൂക്കേഷൻ	2
5	ഏഷ്യൻ സ്പൈസസ്	1,2

ബി) സ്ഥാപന തൊഴിൽനികുതി ഒടുക്കാത്തവ

ക്രമനമ്പർ	സ്ഥാപനം	നികുതി ഒടുക്കാത്ത അർദ്ധ വർഷം
1	പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് (അഞ്ച് ബ്രാഞ്ചുകൾ)	1, 2
2	എച്ച്.ഡി.എഫ്.സി ബാങ്ക്	1,2
3	അക്ഷയ സെന്റർ	2

പ്രസ്തുത സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (15/14.10.24) തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി

അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-18 വാടക കുടിശികയായി തുടരുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില കുത്തകക്കാർ തൻവർഷം വാടക പൂർണമായി അടവാക്കിയിട്ടില്ലായെന്ന് വ്യക്തമായി. വാർഷിക കണക്കുകൾ പ്രകാരം തൻവർഷത്തെ വാടക കുടിശ്ശിക 454020/- രൂപയാണ്. പ്രധാന കുടിശ്ശികക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	മുറിയുടെ വിവരം	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക	കുടിശിക തുക/കാലയളവ്
1	NSC 1	അമ്പിളി കെ.റ്റി.	3648	43776 (4/23-3/24)
2	NSC 9	വിനോദ് പി.ആർ.	3520	31680(7/23-3/24)
3	ATC 20	രെതിക	5000	44000(6.7.23-31.3.24)
4	ATC 18	മീനുമോൾ ബാബു	5000	5000(7/23)
5	ATC 32	മീനുമോൾ ബാബു	6000	6000(7/23)

പ്രസ്തുത കുത്തകകാരിൽ നിന്നും കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/14.10.24) സമർപ്പിച്ച മറുപടിയിൽ കുടിശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശിക തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 കരാറില്ലാതെ മുറികൾ വാടകയ്ക്ക് നൽകി

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്ററും ലഭ്യമാക്കിയ ഫയലുകളും പരിശോധിച്ചതിൽ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള താഴെ കൊടുത്തിട്ടുള്ള വ്യക്തികളുമായി വാടക വ്യവസ്ഥകൾ സംബന്ധിച്ച് നിയമാനുസൃത കരാറിലേർപ്പെട്ടിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	മുറിയുടെ പേര്	വാടകക്കാരൻ
1	MCS 8	പി.വി.തമ്പി
2	NSC 1	അമ്പിളി കെ.റ്റി.
3	NSC 2	കെ.എം.ചന്ദ്രബോസ്
4	NSC 17, 18	വനിത കോപ്പറേറ്റീവ് സൊസൈറ്റി
5	NSC 27-30	ഹൌസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി
6	NSC 38	പി.ഡി. വിജയൻ
7	NSC 39	സാബു പീറ്റർ
8	NSC 40	ശോശാമ്മ മാത്യു
9	BSS 4	അബ്ദുൾ ഖാദർ
10	MSS 4	പി.കെ.മോഹനൻ
11	MSS 8	ഷാജി
12	MSS 10	കെ.സി.വർഗീസ്

13	MSS 12	പി.സി.രാജപ്പൻ
14	ATC 5	സുജിത് മോൻ ശശി
15	ATC 6	ജയൻ കെ.എസ്.
16	ATC 7	ഇ.എസ്. കൃഷ്ണൻകുട്ടി

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/14.10.24) സമർപ്പിച്ച മറുപടിയിൽ കുത്തകകാരുമായി കരാറിലേർപ്പെടുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാടകക്കാരുമായി നിയമാനുസൃത കരാറിലേർപ്പെടാത്ത സാഹചര്യം നിയമപ്രശ്നങ്ങളിലേക്ക് വഴി തെളിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി എല്ലാ വാടകക്കാരുമായും കരാറിലേർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. എല്ലാ കുത്തകകാരുമായി കരാർ ചമയ്ക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ ഒഴിവായിക്കിടക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ ഒഴിവായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മുറിയുടെ പേര്	നിലവിലെ പ്രതിമാസ വാടക
1	MSS 2	640
2	MSS 3	640
4	MSS 7	640
5	MSS 9	640
6	MSS 11	640

കൂടാതെ പഞ്ചായത്തിന്റെ കാർഷിക വിപണന കേന്ദ്രത്തിലെ ATC 1, ATC 13 (SC) , ATC 14, ATC 15, ATC 16, ATC 17, ATC 21, ATC 22, ATC 25 (SC), ATC 26, ATC 33 എന്നീ മുറികളും ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നതിന് സൗജന്യമായി വിട്ടു കൊടുത്തിരുന്ന കാർഷിക വിപണന കേന്ദ്രത്തിലെ ATC 11, ATC 12, ATC 27, ATC 28 മുറികൾ നിലവിൽ ജനകീയ ഹോട്ടൽ പ്രവർത്തിക്കാത്തതിനാൽ ഒഴിവായി കിടക്കുകയാണ്. മേൽ സൂചിപ്പിച്ച കട മുറികൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/14.10.24) മാർക്കറ്റ് പൊതുനവീകരണത്തിന്റെ ഭാഗമായി നിലവിലുള്ള വ്യാപാരികളെ താൽക്കാലികമായി പുതിയ കാർഷിക വിപണന കേന്ദ്രത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതാണെന്നും ആയതിനാൽ കാർഷിക വിപണന കേന്ദ്രത്തിലെ മുറികൾ പുനർലേലം ചെയ്യാൻ സാധിച്ചിട്ടില്ലെന്നും, ശേഷിക്കുന്ന മുറികൾ പുനർലേലം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും മറുപടി ലഭിച്ചു. ഈ വിഷയത്തിലെ പുരോഗതി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ IFTE &OS ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വാടകയ്ക്കെടുത്തിട്ടുള്ള താഴെ പരാമർശിക്കുന്ന വ്യക്തികൾ 2023-24 വർഷം ലൈസൻസെടുത്തിട്ടില്ലായെന്ന് വ്യക്തമായി.

ക്രമ നം	ഗ്രാമപഞ്ചായത്തിന്റെ മുറിയുടെ പേര്	വാടകക്കാരന്റെ പേര്
1	MCS 5	ഡോമിനിക് മാത്യു

2	MCS 8	പി.വി. തമ്പി, പ്രഭാശേരിൽ
3	NSC 1	അമ്പിളി കെ.റ്റി.
4	NSC 3	ടി.കെ.സാബു, തെക്കേൽ
5	NSC 4	ജീനാ സാബു, തെക്കേൽ
6	NSC 9, 10	വിനോദ്.പി.ആർ. പുത്തൻപറമ്പിൽ
7	NSC 14	ഇ.കെ.കൃഷ്ണൻകുട്ടി
8	NSC 15	നന്ദിനി ഗോപി
9	NSC 38	പി.ഡി.വിജയൻ
10	NSC 40	ശോശാമ്മ മാത്യൂ
11	NSC 41	കെ.സി.വർക്കി, കന്നുകുഴിയിൽ
12	NSC 42	പി.വി.ബാബു, പുത്തൻപറമ്പിൽ
13	NSC 44	സുനിൽ പി.ടി, കാട്ടുമറ്റം
14	BSS 2	വി.ടി.പ്രഭ , വട്ടമല
15	BSS 4	അബ്ദുൾ ഖാദർ
16	BSS 12	പി.എം.റെജി
17	MSS 4	പി.കെ.മോഹനൻ, പുത്തൻപറമ്പിൽ
18	MSS 8	ഷാജി, ചേകോണിൽ
19	MSS 10	കെ.സി.വർഗീസ് കന്നുകുഴിയിൽ
20	MSS 12	പി.സി.രാജപ്പൻ, പേഴമറ്റം
21	ATC 4	സെൽവൻ സി.
22	ATC 5	സുജിത് മോൻ ശശി
23	ATC 7	ജയൻ കെ.എസ്.
24	ATC 2, 3	ഇ.എസ്.കൃഷ്ണൻകുട്ടി
25	MCS 1	സൂര്യ മനോജ്
26	ATC 19	ജോൺ

മേൽ സ്ഥാപനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/14.10.24) സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്കെടുത്തവരിൽ ലൈസൻസെടുക്കാത്തവർക്ക് നോട്ടീസ് നൽകി ലൈസൻസെടുപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നാളിതുവരെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തന്മൂലം ലൈസൻസ് ആവശ്യമുള്ള ധാരാളം സ്ഥാപനങ്ങൾ അതുക്കൂടാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്കെടുത്തവർപോലും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ഫീൽഡ് തല

പരിശോധനയുടെയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെയും പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാർഡടിസ്ഥാനത്തിൽ കൃത്യമായ ടേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അനിവാര്യമായ രേഖകളും അനുമതികളും സമർപ്പിച്ച് സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിഹാര നടപടികളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-22 ഗ്രാമപഞ്ചായത്തിന്റെ വിവിധ വസ്തുവകകളുടെ ലേല നടപടികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ ലേല രജിസ്റ്ററും അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വസ്തുക്കൾ ലേലം നടത്തിയിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്.

ക്രമനം	ഇനം	വാല്യുവേഷൻ തുക
1	11-ാം വാർഡിൽ ചിങ്ങംകുഴി, ചാത്തൻപുരയിടം, നെടുങ്ങോട്ടുമല കുടിവെള്ള പദ്ധതിയുടെ തടയണയിലേക്ക് വീണ ആഞ്ഞിലി	77836
2	17-ാം വാർഡിൽ ശ്മശാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ (തേക്ക് 2, വട്ട- 7)	56848
3	14-ാം വാർഡിൽ കാവുംകടവ് സാംസ്കാരിക നിലയത്തോട് ചേർന്ന് നിൽക്കുന്ന വട്ടമരം	1551
4	വരിക്കാനി അങ്കണവാടിയുടെ അറ്റകുറ്റപ്പണി നടത്തിയതിന്റെ ഭാഗമായി നീക്കം ചെയ്ത സാധനങ്ങൾ	1855
5	വട്ടമല അങ്കണവാടിയുടെ അറ്റകുറ്റപ്പണി നടത്തിയതിന്റെ ഭാഗമായി നീക്കം ചെയ്ത സാധനങ്ങൾ	1313

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/14.10.24) മറുപടി ലഭ്യമായില്ല. അങ്കണവാടികളുടെ അറ്റകുറ്റപ്പണി നടത്തിയതിന്റെ ഭാഗമായി നീക്കം ചെയ്ത് അംഗൻവാടി പരിസരത്ത് സൂക്ഷിച്ചിട്ടുള്ള സാധനങ്ങൾ പഠിതാക്കളായ ശിശുക്കളുടെ സുരക്ഷയെ കൂടി ബാധിക്കുന്നതാകയാൽ അടിയന്തര പ്രാധാന്യത്തോടെ നീക്കം ചെയ്യേണ്ടതുണ്ട്. വീണ് കിടക്കുന്ന തടികൾ യഥാകാലം ലേലം ചെയ്യാതെ തുടരുന്നത് അവ നശിച്ചു പോകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. നിശ്ചയിക്കപ്പെട്ട വില അംഗീകരിച്ച് ആരും ലേലം കൊള്ളാത്ത സാഹചര്യമുണ്ടെങ്കിൽ പഞ്ചായത്ത് കമ്മിറ്റി ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുത്ത് വസ്തുവകകൾ യഥാവിധി കൈയ്യൊഴിഞ്ഞ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-23 തനതുഫണ്ട് ചെലവുകൾ- അനുബന്ധ രേഖകൾ ലഭ്യമല്ല.

2023-24 വർഷത്തെ ചുവടെ കൊടുത്തിരിയ്ക്കുന്ന തനതുഫണ്ട് ചെലവുകളുടെ അനുബന്ധരേഖകൾ/ ക്രമീകരണവിവരങ്ങൾ ലഭ്യമല്ല.

ക്രമ നം	വൗച്ചർ നം/ചെക്ക് നം	ചെലവിനം	തുക	റിമാർക്സ്
1	22300141/ 10-05-23	കുഴൽക്കിണർ മെയിന്റനൻസിനായി ഭൂജലവകുപ്പിൽ നിക്ഷേപിച്ചത്	5790/-	പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
2	22300288/ 23-06-23	10 വാർഡിൽ അപകടാവസ്ഥയിൽ നിന്ന ആഞ്ഞിലിമരവും പനയും മുറിച്ചുമാറ്റുന്നതിന് ചെലവഴിച്ച തുക	4900/-	മരങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർനടപടി വിശദാംശങ്ങൾ ലഭ്യമല്ല.
3	22300454/ 23-08-23	15 ാം വാർഡിൽ അപകടാവസ്ഥയിൽ നിന്ന മരങ്ങൾ മുറിച്ചു മാറ്റിയതിന് ചെലവഴിച്ച തുക	4000/-	മരങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർനടപടി വിശദാംശങ്ങൾ ലഭ്യമല്ല.
4	22301199/ 28-02-24	പൊതുശ്മശാനത്തിലെ പാഴ്മരങ്ങൾ മുറിച്ചു മാറ്റിയതിന് ചെലവഴിച്ച തുക	5000/-	മരങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർനടപടി വിശദാംശങ്ങൾ ലഭ്യമല്ല.
		ആകെ	19690/-	

പ്രസ്തുത വിശദാംശങ്ങളാരാഞ്ഞ് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 18/14-10-24) സമർപ്പിച്ച മറുപടിയിൽ മേൽ പട്ടികയിലെ ക്രമനം 1 ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ക്രമ നം.2,3,4 എന്നിവയ്ക്ക് മറുപടി ഹാജരാക്കിയില്ല. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിയ്ക്കേണ്ടതാണ്.

1-24 മാലിന്യമുക്ത നവകേരളം കാമ്പയിൻ -തുടർ പ്രവർത്തനങ്ങൾ ഇല്ല.

നിർവ്വഹണോദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി
പ്രോജക്ട് നം.	S285/2024
അടങ്കൽ	ചെലവ്
തനതുഫണ്ട് - 150000/-	4480/- ബിൽ നം.151/15-11-23

	2800/-ബിൽ നം.269/03-01-24
	19464/-ബിൽ നം.272/03-01-24
ആകെ -	26744/-

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ക്യാമ്പയിൻ പ്രചാരണം, ജനകീയ ഓഡിറ്റ്, ഹരിതസഭ, ശില്പശാല, പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും മാലിന്യമുക്ത വ്യാപാരസ്ഥാപനങ്ങൾ എന്ന പദവി കൈവരിയ്ക്കുന്നതിനാവശ്യമായ തുടർനടപടികൾ എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. ഒരു ദിവസത്തെ ശുചിത്വ സന്ദേശറാലി, കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകൽ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി തൻവർഷം നടപ്പാക്കിയത്. മാലിന്യമുക്തവ്യാപാരസ്ഥാപനങ്ങൾ എന്ന പദവി കൈവരിയ്ക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മീറ്റിംഗുകൾ നടത്തൽ, പഞ്ചായത്തിലെ മാലിന്യക്കൂമ്പാരങ്ങൾ കണ്ടെത്തി അവിടങ്ങളിൽ സ്നേഹാരാമങ്ങൾ നിർമ്മിക്കൽ എന്നിവ തൻവർഷം നടപ്പാക്കിയിട്ടില്ല. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് മാലിന്യസംസ്കരണസംവിധാനത്തിന്റെ ചുമതല വഹിയ്ക്കുന്ന അസിസ്റ്റന്റ് സെക്രട്ടറി, ചാർജ് ഓഫീസർമാരായ വിഇഒമാർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്(17-10-23 ലെ 4(1) ാം നം കമ്മിറ്റി തീരുമാനം). ഈ വിഷയത്തിൽ സ്വീകരിച്ച തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 25/15-10-24) സമർപ്പിച്ച മറുപടിയിൽ, നിലവിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും, വീടുകളിൽ നിന്നും ഉപയോഗശൂന്യമായവ, ഇ-മാലിന്യങ്ങളുൾപ്പെടെ ശേഖരിച്ച് ക്ലീൻ കേരളയ്ക്ക് നൽകുന്നുണ്ടെന്നും മാലിന്യനിക്ഷേപം തടയുന്നതിന് സിസിടിവി ക്യാമറ സ്ഥാപിയ്ക്കുന്നതിനും ബോർഡ് സ്ഥാപിയ്ക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കാനുതകുംവിധം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ- അധിക തുക നൽകി

അടങ്കൽ	ചെലവ്
തനതുഫണ്ട് - 700000/-	635324/ – ബിൽ നം. 11/23-05-23
ആകെ- 700000/-	635324/-

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ പ്രോജക്ട് (249/24) പ്രകാരം തനതുഫണ്ടിൽ നിന്ന് 635324/- രൂപ ചെലവഴിച്ച് Mr Electrik, കടുത്തുരുത്തി, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഇ-ടെണ്ടർ മുഖേന ജനറേറ്റർ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.DLTC ചെക്ക് മെഷർ ചെയ്ത് അംഗീകരിച്ച പാർട്ട്ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യം 526109/- രൂപയും 18% ജിഎസ് ടി ഉൾപ്പെടെ 620809/- രൂപയുമാണ്. ടി തുകയോടോപ്പം സൂപ്പർവിഷൻ ചാർജ് ഉൾപ്പെടെയാണ് 635324/- രൂപയെന്ന് കണക്കാക്കി ബിൽ മാറിയിട്ടുള്ളത്. ആകെ ബിൽ തുകയിൽ നിന്ന് നികുതികളും (IT 1% 5261 + GST 2% 10524 + WF 1% 5261)

DLTC ക്കുള്ള തുകകളും (2903 +11612) റിട്ടൻഷനും (13153) കിഴിച്ച് 586610/- രൂപയാണ് കരാറുകാരന് നൽകിയത്. എന്നാൽ പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത Mr Electrik എന്ന സ്ഥാപനത്തിന്റെ പ്രൊപ്രൈറ്ററായ ശ്രീ സജീവ് എസ്, ശിവസദനം, കല്ലറ സൗത്ത് എന്നയാളുമായി 03-03-2023 ൽ ഏർപ്പെട്ട കരാറിൽ ടിയാൻ ക്വാട്ട് ചെയ്ത തുക 567152/- ആണ്. പ്രസ്തുത തുക നികുതി ഉൾപ്പെടെയാണോ എന്ന വിഷയത്തിൽ അധികൃതരിൽ നിന്ന് സ്ഥിരീകരണം ലഭിച്ചിട്ടില്ല.

2.23-06-2023 ൽ 646626/- രൂപയുടെ ഫൈനൽ ബിൽ കരാറുകാരൻ സമർപ്പിച്ചപ്പോൾ കരാറുകാരന് അധികം തുക നൽകിയതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ബാക്കി തുക നൽകിയില്ല. എന്നാൽ ടിയാൻ കരാറിലേർപ്പെട്ടപ്പോൾ പെർഫോമൻസ് ഗ്യാരന്റി , അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി എന്നിവയായി സമർപ്പിച്ചിരുന്ന 29150/- രൂപയുടെ എഫ് ഡി കൾ 02-09-2023 ൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ജാമ്യനിക്ഷേപം തിരികെ നൽകിയോയെന്നത് വ്യക്തമല്ല. പ്രവൃത്തി പൂർത്തിയായി രണ്ടു വർഷക്കാലം ഗ്യാരന്റി പീരിയഡായി കണക്കാക്കുന്നതാണെന്നും ഈ കാലയളവിൽ വരാവുന്ന തകരാറുകൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിയ്ക്കേണ്ടതാണെന്നും എഗ്രിമെന്റിൽ പരാമർശിച്ചിട്ടുണ്ട്. Defects Liability Period കഴിഞ്ഞ് 28 ദിവസം കൂടി കഴിഞ്ഞേ അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി തിരികെ നൽകാമായിരുന്നുള്ളൂ എന്നിരിയ്ക്കെ അവ വാറന്റി കാലയളവിൽ തന്നെ തിരികെ നൽകിയത് ഗുരുതരമായ പിഴവാണ്.

3.എഗ്രിമെന്റ് പ്രകാരമുള്ള തുകയിൽ കൂടുതലായി 19458/- (586610-567152) നൽകിയതിലും, ഫൈനൽ ബിൽ പ്രകാരമുള്ള ബാക്കി തുക നൽകുന്നതിലും ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ട് ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ , ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയം, കോട്ടയം ഓഫീസിലേയ്ക്ക് കത്ത് നൽകിയെങ്കിലും ഈ വിഷയം തങ്ങളുടെ അധികാരപരിധിയിൽപ്പെടുന്നതല്ലയെന്ന മറുപടിയാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ നിന്നും ലഭിച്ചത്. തുടർന്ന് 07-03-24 ൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സ്പഷ്ടീകരണത്തിനായി കത്തയച്ചിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമായിട്ടില്ല.

4.ജിഎസ് ടി യുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയാണ് 700000- രൂപയുടെ എസ്റ്റിമേറ്റെങ്കിലും വാങ്ങലുകളുടെ നടപടി ക്രമത്തിൽ വരുന്ന പ്രോജക്കായി കണക്കാക്കി നികുതികൾ ഒഴിവാക്കിയുള്ള തുകയാണ് കരാറുകാരൻ ക്വാട്ട് ചെയ്തതെന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സ്പഷ്ടീകരണത്തിനായി അയച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മരാമത്ത് പ്രവൃത്തിയിലെന്നപോലെ 18% ജി എസ് ടി പ്രവൃത്തിമൂല്യത്തിനൊപ്പം ചേർക്കുന്നതിന് പകരം, ജനറേറ്ററിന്റെ റീട്ടെയിൽ ഇൻവോയ്സിലെ തുകയ്ക്കൊപ്പം അഡീഷണൽ പ്രൊവിഷനുകളായി ഡി എൽ ടി സിക്കുള്ള എസ്റ്റിമേറ്റ്, സൂപ്പർവിഷൻ ,ബില്ല് തയാറാക്കൽ എന്നിവയ്ക്കുള്ള പ്രതിഫലമായി 3% കൂടി ഉൾപ്പെടുത്തിയാണ് തുക അനുവദിക്കാമായിരുന്നത്. എന്നാൽ അപ്രകാരമല്ല തുക കണക്കാക്കിയിരിയ്ക്കുന്നത്. മാത്രമല്ല ജനറേറ്റർ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

5.വാങ്ങൽ പ്രോജക്കായി കണക്കാക്കി എഗ്രിമെന്റിൽ അധികരിച്ച തുകയിൻമേലാണ് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിയ്ക്കുന്നതെങ്കിലും മരാമത്ത് വേലയായി കണക്കാക്കിയാണ് പ്രവൃത്തി നടപ്പാക്കിയിരിയ്ക്കുന്നത്. പ്രവൃത്തിയുടെ ടെന്റർ പരസ്യത്തിൽ നിബന്ധനകൾ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ അധികതുക കണക്കാക്കിയതിലെ കൃത്യത വിലയിരുത്താനാകുന്നില്ല. ആയത് കൂടുതൽ പരിശോധനാവിധേയമാക്കേണ്ടതാണ്.

6.ഫൈനൽ ബിൽ പിന്നീട് സമർപ്പിച്ചപ്പോൾ പ്രോജക്ട് പൂർത്തീകരിച്ചത് സംബന്ധിച്ച് മോണിറ്ററിംഗ് സമിതി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 24/16-10-24) മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങളിലെ സുതാര്യതക്കുറവ്, രേഖകളുടെ അഭാവം എന്നിവ മൂൻനിർത്തി ടി വാങ്ങലിലെ നഷ്ടം കൃത്യമായി നിർണ്ണയിക്കാൻ കഴിയുന്നില്ല.ടിയാൻ കാട്ട് ചെയ്ത തുക 567152/- എന്ന് കണക്കാക്കിയാൽ അധികം നൽകിയ തുക 68172/- (635324-567152) എന്നു കരുതാവുന്നതാണ്.ടി വിഷയത്തിൽ കൂടുതൽ പരിശോധന നടത്തി പഞ്ചായത്തിനുണ്ടായ നഷ്ടം നിർണ്ണയിക്കേണ്ടതും ഉത്തരവാദിയായവരിൽ നിന്നും ആയത് ഈടാക്കേണ്ടതുമാണ്. ആയതുവരെ ജനറേറ്റർ വാങ്ങിയിനത്തിൽ തൻവർഷം ചെലവഴിച്ച 635324/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 തെരുവുവിളക്ക് പരിപാലനം-എൻ എച്ച് സൈഡിലുള്ളവ-രേഖകൾ പൂർണമല്ല.

അടങ്കൽ	ചെലവ്
വികസനഫണ്ട്- 100062/-	100050/-ബിൽ നം.617/25-03-24
തനതുഫണ്ട് – 99938/-	99938/-ബിൽ നം.666/31-03-24
ആകെ – 200000/-	199988/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ തെരുവുവിളക്കുകളുടെ പരിപാലനം-എൻ എച്ച് സൈഡിലുള്ളവ (പ്രോ.നം.42/24) എന്ന പ്രോജക്ടിനുവേണ്ടി ആകെ 199988/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലുള്ള വൈദ്യുതി പോസ്റ്റുകളിലെ തകരാറിലായിരിക്കുന്ന തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കി തിരികെ സ്ഥാപിയ്ക്കുന്നതിനും അവ അടുത്ത ഒരു വർഷത്തേയ്ക്ക് പരിപാലിയ്ക്കുന്നതുമാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ടെണ്ടർ നടപടികളിലൂടെ വിനോദ് ടി.കെ, തടത്തിൽ ഹൗസ്, പനച്ചിക്കാട് എന്ന കരാറുകാരൻ മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. 2 ഘട്ടങ്ങളിലായി 290 എണ്ണം 30Watt LED ബൾബുകൾ അനുബന്ധ ഉപകരണങ്ങൾ സഹിതം തകരാർപരിഹരിച്ചതായുള്ള 200100/- (100050 +100050) രൂപയുടെ രണ്ട് ഇൻവോയ്സുകൾ ഹാജരാക്കി കരാറുകാരൻ തുക കൈപ്പറ്റിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.30Watt ബൾബിന് ഒരു വർഷത്തേയ്ക്ക് 690 രൂപ ആണ് AMC കരാറിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന നിരക്ക്. എന്നാൽ കരാറുകാരൻ ലഭ്യമാക്കിയിട്ടുള്ള ഇൻവോയ്സിൽ കരാർ നിരക്ക് പ്രതിഫലത്തുക എന്നിവ വ്യക്തമായി നിർണയിച്ച് ഉൾപ്പെടുത്തിയിട്ടില്ല.

2.തെരുവുവിളക്ക് പരിപാലന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവുവിളക്കുകളുടെ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിൽ തെരുവുവിളക്ക് വാങ്ങൽ പ്രോജക്ടുകൾ വഴി വാങ്ങിയവ ശേഷിയ്ക്കുന്നുണ്ടോ എന്നതും തൻവർഷത്തെ പ്രോജക്ട് പ്രകാരം വാങ്ങിയവ എല്ലാം ഉപയോഗിച്ചുവോ എന്നതും വ്യക്തമല്ല.

3.ഏതൊക്കെ പോസ്റ്റുകളിൽ ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു എന്നത് സംബന്ധിച്ച രേഖകളോ ഇൻസ്റ്റലേഷൻ റിപ്പോർട്ടോ കരാറുകാരൻ നൽകിയിട്ടില്ല.

4.അറ്റകുറ്റപ്പണികൾക്ക് കെ എസ് ഇ ബി നിഷ്കർഷിയ്ക്കുന്ന നിരക്കിലാണ് കരാറുകാരന് തുക നൽകിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5.തകരാറിലായ വിളക്കുകൾ മാറ്റി സ്ഥാപിച്ചപ്പോൾ പഴയവ തിരികെ പഞ്ചായത്തിൽ ഏൽപ്പിച്ചതിന്റെ വിശദാംശങ്ങളില്ല.
6. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.
7.പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 17-14/10/24) സമർപ്പിച്ച മറുപടിയായി നിരക്ക് നെഗോഷ്യേഷൻ നടത്തിയ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിലെ രേഖപ്പെടുത്തലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഇൻസ്റ്റലേഷൻ റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടുമുൾപ്പെടെ മറ്റു രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പോസ്റ്റുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതും, വാങ്ങി സംഭരിക്കുന്ന വിളക്കുകളുടെ എണ്ണം, ഇനം, മുന്നിരിപ്പ്, വാറന്റി ഉൾപ്പടെയുള്ള വിവരങ്ങൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണവും നീക്കിയിരിപ്പും കൃത്യമാക്കേണ്ടതുമാണ്. അതുപോലെ തെരുവുവിളക്ക് മെയിന്റനൻസിനായും പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ച് വാർഡടിസ്ഥാനത്തിൽ വിളക്കുകൾ മെയിന്റനൻസ് ചെയ്യുന്നതിന്റെ വിവരവും കരാറുകാരൻ തിരികെ ഹാജരാക്കുന്ന കേടായ സാമഗ്രികളുടെ സ്റ്റോക്ക് രേഖപ്പെടുത്തി ലേലം ചെയ്യാവുന്നവ അപ്രകാരം തുടർനടപടികൾ സ്വീകരിച്ച് ടി വിവരവും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ തൻവർഷത്തെ 199988/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 ആർടാക്ക് -റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പൂർത്തീകരിച്ചിട്ടില്ല.

അടങ്കൽ തുക	ചെലവ് തുക
തനതുഫണ്ട്- 700000/-	140000/-ബിൽ നം.182/29-11-23
	140000/-ബിൽ നം.322/22-01-24
	420000/- ബിൽനം.480/22-03-24
ആകെ-	700000/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ആർ ടാക്ട് - റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതിയിൽപ്പെടുത്തി (പ്രോ.നം. 248/24) തനതുഫണ്ടിൽ നിന്നും 700000/- രൂപ അക്രഡിറ്റഡ് നിർവ്വഹണഏജൻസിയായ CSRD, Thiruvananthapuram (Centre For Social And Resource Development) ന് നൽകിയിട്ടുണ്ട്. ആസ്തി വിവരങ്ങൽ കാലികമാക്കി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്തിന്റെ ആസ്തി വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയതിന് ശേഷം പ്രിന്റ് എടുത്ത ബൈന്റ് ചെയ്ത 3 കോപ്പി, വിവരങ്ങൾ അടങ്ങിയ CD, സോഫ്റ്റ് വെയർ എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറുമെന്ന് പ്രോജക്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇവ കൈമാറിയതിന്റെയോ സോഫ്റ്റവെറിൽ അപ്ഡേഷൻ വരുത്തിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.
- 19-09-23 ലെ കരാർ പ്രകാരം ഉടമ്പടി വെച്ച് 7 ദിവസങ്ങൾക്കുള്ളിൽ കരാർ തുകയുടെ 20% വും , തുടർന്ന അഞ്ചു വാർഡുകളുടെ വീതം ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ച് അതാതിന്റെ പാർട്ട് ബില്ലുകൾ സമർപ്പിയ്ക്കുന്ന മുറയ്ക്ക് 20% വീതവുമായാണ് തുക നൽകേണ്ടത്. എന്നാൽ ഘട്ടം ഘട്ടമായുള്ള പ്രവത്തി പൂർത്തീകരണം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയല്ല തുക

കൈമാറിയത്.

- പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിറ്റിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.32/16-10-24) സമർപ്പിച്ച മറുപടിയിൽ ആസ്തികളുടെ പ്രിന്റഡ് കോപ്പി ലഭ്യമായിട്ടുണ്ടെന്നും സിഡിയും സോഫ്റ്റ് വെയറും ഒരുമാസത്തിനുള്ളിൽ ലഭ്യമാകുമെന്നും അടുത്ത ജനറൽ കമ്മിറ്റിയിൽ ആയത് അംഗീകരിയ്ക്കുന്നതിനുള്ള അജണ്ട ചേർക്കുന്നതിന് നടപടി എടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 700000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 വൃദ്ധർക്ക് കട്ടിൽ വിതരണം-പദ്ധതി നിർവഹണത്തിലെ അപാകതകൾ.

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ (119/24) നമ്പർ പ്രോജക്ട് പ്രകാരം പരുമല സിഡ്കോയിൽ നിന്ന് 4350/-രൂപ നിരക്കിൽ വിവിധ ഇൻവോയിസുകൾ പ്രകാരം 255 കട്ടിലുകൾ വികസനഫണ്ട്, പൊതുവിഭാഗത്തിൽ നിന്ന് 1109250/-രൂപ (ട്രഷറിബില്ലുകൾ 12എണ്ണം)ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

കട്ടിലുകളുടെ വിതരണരേഖകൾ പരിശോധിച്ചതിൽ ആകെ 300 കട്ടിലുകൾ വിതരണംചെയ്തതായും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളതായും കാണുന്നു.

വാങ്ങിയതിലും അധികമായി കട്ടിലുകൾ വിതരണം നടത്തിയതായ രേഖകൾ ഫയലിൽ സൂക്ഷിച്ചതും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വിതരണം ചെയ്തതുമായ സാഹചര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുറിയ്ക്ക് (നം.6/13-10-24) സമർപ്പിച്ച മറുപടിയിൽ 300 കട്ടിലുകൾ വാങ്ങിയിരുന്നതായും 45 കട്ടിലുകളുടെ വില നല്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇൻസോയ്സും രേഖകളും ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർതന്നെയാണ് കട്ടിലുകൾ കൈപ്പറ്റിയതെന്നും വാർഡുകൾ മാറി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയാണുണ്ടായതെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി.
മറുപടി സ്വീകാര്യമെങ്കിലും രജിസ്റ്ററുകളിലും അനുബന്ധരേഖകളിലും വിവരങ്ങൾ കൃത്യമായും വ്യക്തമായും ചേർക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥ വീഴ്ചവരുത്തിയിട്ടുള്ളതായി കാണുന്നു.
സ്റ്റോക്ക് ,വിതരണ രജിസ്റ്ററുകളിൽ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തി പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-29 മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നമ്പർ	51/23-24
പ്രോജക്ടിന്റെ പേര്	മെൻസ്ട്രൽ കപ്പ് വിതരണം
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ
അടങ്കൽ തുക	വികസന ഫണ്ട് 672000
ചെലവഴിച്ച തുക	വികസന ഫണ്ട് 671898

	Bill No.12/21.12.23 – 5316 /-രൂപ, Bill No.32/27.03.24-666582/-രൂപ

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 5316 /-രൂപ C-APT -ൽ ഫോം അച്ചടിക്കാനും , 666582/-രൂപ ചെലവഴിച്ച് HLL Life Care -ൽ നിന്നും 726 സ്മാൾ, 814 മീഡിയം, 682 എണ്ണം ലാർജ് സൈസ് ഉൾപ്പടെ ആകെ 2222 (267.85+32.14(GST) നിരക്കിൽ)മെൻസ്ട്രൽ കപ്പുകൾ വാങ്ങി (267.85+32.14 (GST നിരക്കിൽ). ഇതിൽ 1639 മെൻസ്ട്രൽ കപ്പ് മീനടം പി എച്ച് സി വഴി വിവിധ വാർഡുകളിൽ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 583 എണ്ണം വിതരണം ചെയ്യാൻ അവശേഷിക്കുന്നു. ആവശ്യകത നിർണ്ണയിക്കാതെ ഇത്രയും മെൻസ്ട്രൽ കപ്പുകൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/15.10.24) സമർപ്പിച്ച മറുപടിയിൽ മെൻസ്ട്രൽ കപ്പ് വിതരണത്തിന് റീപ്രൊഡക്ടീവ് ഏജ് ഗ്രൂപ്പിലുള്ള വനിതകൾക്ക് ചോദ്യാവലി കൊടുത്ത് കണക്ക് ശേഖരിച്ചിട്ടുള്ളതാണെന്നും ഫോം തിരികെ ഏല്പിച്ചവർക്കാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളതെന്നും, ഫീൽഡ് സ്റ്റാഫും, ആശാ പ്രവർത്തകരും ചേർന്ന് ബാക്കി ഫോം തിരികെ വാങ്ങി ശേഷിക്കുന്നവ വിതരണം നടത്തുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്.നൂതനമായ പ്രോജക്ട് എന്ന നിലയിൽ ബോധവത്ക്കരണ പരിപാടികൾക്കുശേഷം ഉപകരണം ലഭിക്കുവാൻ ആഗ്രഹിക്കുന്ന വനിതകളുടെ യഥാർത്ഥ എണ്ണം തിട്ടപ്പെടുത്തി മാത്രം വാങ്ങൽ നടത്തേണ്ട ഒരു പ്രോജക്ടായിരുന്നു ഇതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യകത നിർണ്ണയിക്കാതെ വകയിരുത്തിയ മുഴുവൻ തുകയ്ക്കും വാങ്ങൽ നടത്തിയ നടപടി പദ്ധതിപ്പണത്തിന്റെ ദുരുപയോഗമായി കാണുന്നു.കപ്പുകൾ പൂർണ്ണമായി വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്. വാങ്ങിയ സാധനം പൂർണമായി വിതരണം ചെയ്യാത്തതിനാൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന 583 എണ്ണത്തിനായി ചെലവഴിച്ച 174894/- (299.99x583) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 ആശ്രയ- മുൻ വർഷങ്ങളിൽ ലഭിച്ച വികസനഫണ്ട് ചെലവഴിയ്ക്കാൻ ശേഷിയ്ക്കുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ആശ്രയ തുക കൈമാറൽ (പ്രോ.നം.5/24) പദ്ധതിയിൽപ്പെടുത്തി വികസനഫണ്ടിൽ നിന്നും 100000/- രൂപ (ബിൽ നം.55/29-07-23) ആശ്രയ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അസി.സെക്രട്ടറി/ സിഡിഎസ് ചെയർപേഴ്സണ് 19-07-23 ൽ കത്ത് മുഖേന സെക്രട്ടറി നിർദ്ദേശിച്ചിരുന്നുവെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അഗതിരഹിതകേരളം പദ്ധതിയ്ക്കായുള്ള ആശ്രയയുടെ അക്കൗണ്ട്, കാഷ്ബുക്ക്, ഫയൽ എന്നിവ പരിശോധിച്ചതിൽ ആകെയുള്ള 99 ഗുണഭോക്താക്കളിൽ 5 പേർ മരണപ്പെട്ടതായും നിലവിൽ 94 പേർ ശേഷിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. കാഷ്ബുക്ക് പ്രകാരം 01-04-23 ൽ 829350/- രൂപ മുന്നിരിപ്പും 31-03-24 ൽ 434091.65/-രൂപ നീക്കിയിരിപ്പുമുണ്ട്. തൻവർഷം ശാന്തമ്മ ശാന്തകുമാർ എന്ന ഗുണഭോക്താവിന് സ്ഥലം വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനുമായി തുക ചെലവഴിച്ചിട്ടുണ്ട്. അഗതിരഹിതകേരളം പദ്ധതിയിലെ നിലവിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങളും അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 33/16-10-24) സമർപ്പിച്ച മറുപടിയിൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ 100000/- രൂപ ഭവന പുനരുദ്ധാരണത്തിന് ഒരു ഗുണഭോക്താവിന് നൽകിയിട്ടുണ്ടെന്നും, 434091.65 രൂപയിൽ നിന്നും

240000/- രൂപയും 2024-25 ൽ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുക കൂടി ഭവനനിർമാണത്തിനായി വിനിയോഗിയ്ക്കാൻ ശേഷിയ്ക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഏറെ പരിഗണന അർഹിക്കുന്ന പ്രസ്തുത ഗുണഭോക്താക്കളെ സാമൂഹ്യവും സാമ്പത്തികവുമായി ശാക്തീകരിച്ച് മുഖ്യധാരയിലേക്കെത്തിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേക നിഷ്കർഷ പുലർത്തേണ്ടതാണ്. വികസനഫണ്ട് ദീർഘനാൾ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള പ്ലാൻഫണ്ട് ചെലവഴിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-31 ജലജീവൻ മിഷൻ പദ്ധതി -തകർന്ന റോഡുകളുടെ പുനർനിർമ്മാണം അനിശ്ചിതാവസ്ഥയിൽ.

പാമ്പാടി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 27-03-2024 ലെ അജണ്ട (2),തീരുമാനം (3) ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെയും, ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പുമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് സംബന്ധമായാണ്. പ്രസ്തുത കമ്മിറ്റി തീരുമാനത്തെ അടിസ്ഥാനമാക്കി, ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കിയതിനാൽ തകർച്ച വന്ന റോഡുകളുടെ വിവരം, ആയവ പുനർ നിർമ്മിക്കുന്നതിന് ഓരോന്നിനും എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയത് എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി(2/12-10-24)നല്കുകയുണ്ടായി.
ഓഡിറ്റ് എൻകുയറിക്കുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ 47 ടാർ റോഡുകൾക്കും 212 കോൺക്രീറ്റ് റോഡുകൾക്കും തകരാറുകൾ സംഭവിച്ചതായും സാങ്കേതികാനുമതി ലഭിച്ചിട്ടില്ലാത്ത പ്രസ്തുത എസ്റ്റിമേറ്റുകൾ പ്രകാരം 18% ജി എസ് ടി ഉൾപ്പെടെ ടാറിംഗ് റോഡുകളുടെ പുനർനിർമ്മാണത്തിന് ഏകദേശം 24268000/-രൂപയും കോൺക്രീറ്റ് റോഡുകൾക്ക് 76856000/-രൂപയും വേണ്ടിവരുന്നുണ്ട്. (അതായത് ഏകദേശം 10 കോടിയിലധികം രൂപ) പൈപ്പ് ലൈനുകളുടെ മാത്രം Restoration Charge നുള്ള വിസ്തീർണ്ണം അടിസ്ഥാനപ്പെടുത്തിയുള്ള എസ്റ്റിമേറ്റാണ് തയാറാക്കിയതെന്നാണ് അസി.എൻജിനീയർ വാക്കാൽ അറിയിച്ചത്. പൈപ്പിടുന്നതിനുള്ള ട്രഞ്ചുകൾ നിർമ്മിക്കുന്നതിനായും മറ്റും ജെ സി ബി ഉപയോഗിച്ചപ്പോൾ റോഡുകൾക്ക് മൂഴുവനായുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റ് തയാറാക്കിയതിൽ പരിഗണിച്ചിട്ടില്ലായെന്നത് പ്രത്യേകം കാണേണ്ടതാണ്.
വാട്ടർ അതോറിട്ടിയിൽ നിന്ന് നഷ്ടപരിഹാരം ഇനത്തിൽ തുക ലഭിക്കുന്നതിനോ അല്ലെങ്കിൽ വാട്ടർ അതോറിട്ടി റോഡുകൾ പുനർനിർമ്മിക്കുന്നതിനോ ഉള്ള സാദ്ധ്യതകൾ സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നതായാണ് അറിയുന്നത്.ഇത്രയും വലിയതുക ഒന്നിച്ച് ചെലവഴിച്ച് റോഡുകൾ പുനർനിർമ്മിക്കുന്നതിന് പഞ്ചായത്തിന് സാദ്ധ്യമല്ലാത്തസാഹചര്യത്തിൽ സർക്കാർ തലത്തിലുൾപ്പെടെ പ്രതിസന്ധിയുടെ വിശദാംശങ്ങൾ അറിയിച്ച് പ്രശ്നപരിഹാരത്തിന് പഞ്ചായത്ത് കമ്മിറ്റി നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

1-32 വെറ്ററിനറി ആശുപത്രി അടിസ്ഥാന സൗകര്യവികസനം-റിട്ടെൻഷൻ കുറവ് ചെയ്യുന്നടപടിയിൽ അപാകത

വെറ്ററിനറി ആശുപത്രി അടിസ്ഥാനസൗകര്യ വികസനം എന്ന(പ്രോ.നം216/24) അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്പിൽ ഓവർ പ്രവൃത്തിയിലൂടെ

റോഡിതര മെയിന്റനൻസ് ഗ്രാന്റ് 111870/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനങ്ങളായ ഡിപ്പാർട്ട്മെന്റൽ എർത്ത് ഉപയോഗിച്ചും, കോൺട്രാക്ടറുടെ മണ്ണുപയോഗിച്ചുമുള്ള ഫില്ലിംഗ് പ്രവൃത്തികളാണ് എം ബുക്ക് നം 1/23-24 പ്രകാരം തൻവർഷം ചെയ്തിട്ടുള്ളത്.

പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പാർട്ട് ബില്ല് ആണ് പിൻവലിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ബില്ലിൽ നിന്ന് 2.5%, 2431/- റിട്ടെൻഷൻ തുകയായി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം Short Drawal രീതിയിൽ ആണ് തുക പിൻവലിച്ചത് . തന്മൂലം തനത് ഫണ്ടിൽ നിന്നോ, പ്രവൃത്തി പൂർത്തീകരിക്കുന്നവർഷത്തെ മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റിൽ നിന്നോ തുക വീണ്ടും ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകുയറിക്കുള്ള (നം.3/13-10-24) മറുപടിയിൽ, അത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവുണ്ടാകാതെ പദ്ധതി നിർവ്വഹണം ഏകോപിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 ലക്ഷ്യപ്രാപ്തി നേടാത്ത കുടിവെള്ള പദ്ധതി - 456996രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അസി.എൻജിനീയർ സ്പിൽ ഓവർ ആയി നടപ്പാക്കിയ പ്രവൃത്തിയാണ് കുമ്പന്താനം കുടിവെള്ള പദ്ധതി വാർഡ് (S262/22). ധനകാര്യകമ്മീഷൻഗ്രാന്റ് 529000/-രൂപ വകയിരുത്തി ആരംഭിച്ച പ്രവൃത്തിക്ക് LSGD/TS/2021-22/104746 ആയി സാങ്കേതികാനുമതി ലഭിച്ചു.6 മാസമായിരുന്നു പ്രവൃത്തി പൂർത്തീകരണ കാലാവധി.

പ്ലാറ്റ് ഫോം സ്ഥാപിച്ച് 5000 ലിറ്റർ പോളിത്തീൻ വാട്ടർടാങ്ക് സ്ഥാപിക്കുക, 75 Mm വ്യാസമുള്ള എച്ച്.ഡി.പി.ഇ പൈപ്പ് 205.6 മീറ്റർ നീളം സ്ഥാപിക്കുക എന്നിവയായിരുന്നു എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ.

കുറഞ്ഞ തുക 472280/-കോട്ട് ചെയ്ത സജികുമാർ.കെ.എൻ, കുഴിപ്പള്ളിൽ 31-03-2022 ന് 89/AE/LSGD/PDY/21-22 നമ്പരായി കരാർവച്ച് സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചു.

എന്നാൽ ടാങ്ക് കപ്പാസിറ്റി 10000 ലിറ്ററായും, 75 Mm വ്യാസമുള്ള എച്ച്.ഡി.പി.ഇ പൈപ്പ് ഒഴിവാക്കി എക്സ്ട്രാ ഇനമായി 63 Mm ഔട്ടർ വ്യാസമുള്ള എച്ച്.ഡി.പി.ഇ പൈപ്പ് 114 മീറ്റർ സ്ഥാപിക്കുന്നതിനും മറ്റ് വ്യതിയാനങ്ങൾക്കുമായി 31-01-2023 ലെ 1(3) കമ്മിറ്റി തീരുമാനപ്രകാരം 79/PDY/22-23/17-02-2023 ആയി റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു.അധികപ്രവൃത്തികൾ ചെയ്യുന്നതിന് 01-03-23 ന് 89(1) ആയി സപ്ലിമെന്ററി കരാറും വച്ചു.

10-03-23 ൽ പാർട്ട് ബില്ലായി തനത് ഫണ്ടിൽ നിന്ന് 100000/-രൂപയും 5-01-24ൽ ഫൈനൽ ബില്ല് 456996/-രൂപയുമുൾപ്പെടെ ആകെ 556996/-രൂപ(ധനകാര്യകമ്മീഷൻഗ്രാന്റ് 429000,തനത് ഫണ്ട് 27996)(ബിൽ നം.282/05.01.2024, 429000/-, ബിൽ നം.283/05.01.2024, 27996/-) ചെലവഴിച്ചിട്ടുണ്ട്.

എം ബുക്കിലെ (29/22-23,43/22-23), രേഖപ്പെടുത്തലുകൾ പ്രകാരം പ്ലാറ്റ് ഫോം സ്ഥാപിച്ച് ടെറസിൽ 10000 ലിറ്റർ കപാസിറ്റി പോളിത്തീൻടാങ്ക് സ്ഥാപിച്ചതായും, 63 Mm വ്യാസമുള്ള എച്ച്.ഡി.പി.ഇ പൈപ്പ് 114 മീറ്റർ സ്ഥാപിച്ചതായും കാണുന്നു. (എം ബുക്ക് 29/22-23,പേജ്48.)

15-10-2024ൽ അസി.എൻജിനീയറുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കൊപ്പം ഓഡിറ്റ് ടീം നടത്തിയ

പ്രാദേശികപരിശോധനയിൽ ടാങ്ക് വെയ്ക്കുന്നതിന് നിർമ്മിച്ച പ്ലാറ്റ്ഫോമിന് അടിയിലായി 5000 ലിറ്റർ കപ്പാസിറ്റിയുടെ 2 ടാങ്കുകൾ സ്ഥാപിക്കാതെ സൂക്ഷിച്ചിട്ടുള്ളതായാണ് കാണപ്പെട്ടത്. കുടിവെള്ള സോഴ്സിൽ നിന്ന് ടാങ്കിലേക്ക് ജലമെത്തിക്കാൻ പൈപ്പ് സ്ഥാപിക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കാതെ കേവലം ടാങ്ക് വാങ്ങലും 114 മീറ്റർ വിതരണലൈൻ സ്ഥാപിക്കലും മാത്രമായി പ്രോജക്ട് പരിമിതപ്പെട്ടു. ഇപ്രകാരം കുടിവെള്ളം ഗുണഭോക്താവിന് ലഭ്യമാക്കാൻ പര്യാപ്തമായ എല്ലാ ഘടകങ്ങളും ഉൽപ്പെടുത്താതെയും, മതിയായ ആസൂത്രണമില്ലാതെയും പ്രവൃത്തി നടത്തിയതു വഴി പൊതുപണം നിഷ്ഫലമായി മാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (30/15-10-24) ന് മറുപടി ലഭിച്ചില്ല. 16-10-24 ലെ ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലും വിഷയം ചർച്ചചെയ്തിട്ടുള്ളതാണ്.



ലക്ഷ്യപ്രാപ്തി നേടാത്ത കുടിവെള്ള പദ്ധതിക്കുവേണ്ടി ചെലവഴിച്ച 456996/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലക്ഷ്യപ്രാപ്തികൈവരിക്കുന്നതിനുള്ള എല്ലാ ഇനങ്ങളുമുൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് ആവിഷ്കരിച്ച് വാർഡിലെ ജനങ്ങളുടെ അടിസ്ഥാനാശ്യത്തിന് അടിയന്തിരപരിഹാരമുണ്ടാക്കുന്നതിന് ഭരണസമിതിയുടെയും നിർവഹണഉദ്യോഗസ്ഥരുടെയും ക്രിയാത്മകനടപടികൾ ഉണ്ടാവേണ്ടതാണ്.

1-34 സാംസ്കാരികനിലയത്തിന് ചുറ്റുമതിൽ നിർമ്മാണം -സാംസ്കാരികനിലയം അവഗണിക്കപ്പെട്ട നിലയിൽ.

അസി.എൻജിനീയർ നടപ്പാക്കിയ ടി പ്രോജക്ട് (S078/24) പ്രകാരം തനത് ഫണ്ടിൽ നിന്ന് 142531/-രൂപ ചെലവഴിച്ച് 9-ാം വാർഡിലെ സാംസ്കാരികനിലയത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്.

ഓഡിറ്റ് ടീം എൻജിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർക്കൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സാംസ്കാരികനിലയം നിലവിൽ പ്രയോജനപ്പെടുത്താതെ അവഗണിക്കപ്പെട്ടും കെട്ടിടത്തിന് ബലക്ഷയമുൾപ്പെടെ സംഭവിക്കാൻ കാരണമാവുന്ന നിലയിൽ കെട്ടിടത്തിന്റെ ഭിത്തിയിലേക്ക് മണ്ണുൾപ്പെടെചേർന്ന് നില്ക്കുന്നതും,പരിസരം കാടുമൂടിയുമാണ് കാണപ്പെട്ടത്.





ഇപ്രകാരം കെട്ടിടം പ്രയോജനപ്പെടുത്താതെ നിലനില്ക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ (31/15-10-24) നമ്പർ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭിച്ചില്ല.
സാംസ്കാരികനിലയം ശരിയായിസംരക്ഷിക്കുന്നതിനും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നനിലയിൽ ഉപയോഗിക്കുന്നതിനും സജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-35 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം -പിഴ ഈടാക്കിയത് കുറവ്

അസി.എൻജിനീയർ നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ടായ അങ്കണവാടികളുടെ അറ്റകുറ്റപ്പണിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്-പേര് പ്രോജക്ട് നമ്പരുകൾ അടങ്കൽ തുക, ഫണ്ടിനം	ചെലവ് വിവരങ്ങൾ
അങ്കണവാടികളുടെ അറ്റകുറ്റപണി പ്രോജക്ട് നം. 234/24 അടങ്കൽ തുക 1200000/- മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം മുൻവർഷ പ്രോജക്ട് നമ്പരുകൾ 130/22 30/23	1.21080752033101514835/30.03.2022 തുക 361945/- 2.22080752033101544096/28.03.2023 തുക-461007/- 3.23080752033101437285/22.03.2024 തുക-201807/- ആകെ ചെലവ്-1024759/-

15.03.2022 ൽ 80/AE/LSGD/PDY/21-22 നമ്പരായി കരാർ വച്ച് സൈറ്റ് കൈമാറി ബോസ് രാജ് എന്ന കരാറുകാരൻ പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയുണ്ടായി. കരാർ തുക 1053358.93/- രൂപയും, കാലാവധി 6 മാസവുമായിരുന്നു.

പ്രവൃത്തി പൂർത്തീകരണ കാലാവധി ആയ 14-09-2022 നുള്ളിൽ (6മാസം) പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സപ്ലിമെന്ററി കരാർ 80(2) പ്രകാരം 6മാസത്തേക്ക്,14-03-23 വരെയും സപ്ലിമെന്ററി കരാർ 80(3) പ്രകാരം 15-03-23 മുതൽ 6 മാസത്തേക്കും 14-09-23 വരെ കാലാവധി നീട്ടിയിരുന്നുവെങ്കിലും എം.ബുക്ക് പ്രകാരം അവസാന അളവുകൾ രേഖപ്പെടുത്തിയത് 28-11-2023 ൽ മാത്രമാണ്.(എം.ബുക്ക് 37/22-23 പേജ് 13)

കരാർവ്യവസ്ഥകൾ പ്രകാരം പൂർത്തീകരണകാലാവധി അനുവദനീയമായിരുന്നതിന്റെ 20% വരെ, 20-04-23വരെ പിഴയില്ലാതെയും അടുത്ത മൂന്ന് മാസം വരെ 20-07-23 വരെ കരാർ തുകയുടെ 1% പിഴയോടെയും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% പിഴയോടെയും ദീർഘിപ്പിക്കാവുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പിഴ ഈടാക്കേണ്ടിയിരുന്നത്	ഈടാക്കിയത്
21.04.2023 മുതൽ 20.07.2023 വരെ കരാർ തുകയുടെ (1053359) 1% = 10534/- 21.07.2023 മുതൽ 20.10.2023 വരെ 2%-21068/- 21.10.2023 മുതൽ 28.11.2023 വരെ (58ദിവസം)-2%- 13577/-	10534/-

ആകെ 10534+21068+13577 =45179/-	

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് കരാർ പ്രകാരമുള്ള പിഴ ഈടാക്കാതെ പൂർത്തീകരണസമയം ദീർഘിപ്പിച്ച് നല്കിയത് കരാറുകാരന് അനർഹമായ ആനുകൂല്യം അനുവദിക്കലാണ്. ഇത് സംബന്ധിച്ച് നിർവഹണഉദ്യോഗസ്ഥനായ അസി.എൻജിനീയറുടെ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം 20/14-10-24) ന് മറുപടി ലഭിച്ചില്ല. എക്സിറ്റ് മീറ്റിങ്ങിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയില്ല.
കരാർവ്യവസ്ഥകൾ പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-36 ലക്ഷ്യം കൈവരിക്കാത്ത കുടിവെള്ളപ്രോജക്ടുകൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1.പള്ളിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം

അസി.എൻജിനീയർ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയ (പ്രോജക്ട് 247/24) പ്രകാരം എച്ച് ഡി പി ഇ പൈപ്പ് 63 Mm, 75 Mm,40 Mm, എന്നിവ യഥാക്രമം 1339.350,568.2,193.2 മീറ്റർ വീതം സ്ഥാപിച്ചിട്ടുള്ളതായി എം ബുക്ക് 36/22-23 ൽ നിന്ന് വ്യക്തമാകുന്നു.

പ്രവൃത്തിക്കായി 27-3-24 ലെ 654/27.03.2024 -ാം നമ്പർ ബിൽ പ്രകാരം ധനകാര്യകമ്മീഷൻഗ്രാന്റ് 181383/-രൂപയും 23-03-23ൽ 872709/-രൂപയും (പ്രോ.165/22) ഉൾപ്പെടെ ആകെ 1054092/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2.പറയത്തോട്ടം കുടിവെള്ളപദ്ധതി

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പറയത്തോട്ടം കുടിവെള്ളപദ്ധതിക്കായി (പ്രോ.നം.184/24)കരാറുകാരനായ തമ്പി തോമസ് ,ചരളയിൽ മുഖാന്തിരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 470024-/രൂപ ചെലവഴിച്ച് 75 Mm,63 Mm,32 Mm Dia പി വി സി പൈപ്പുകൾ യഥാക്രമം 174,336,688 മീറ്റർവീതവും എക്സ്ട്രാ ഇനമായി 32 Mm Dia പി വി സി പൈപ്പ് 70 മീറ്ററും സ്ഥാപിച്ചിട്ടുണ്ട്.
(ബിൽ നം.തുക 403/05.03.2024- 450589/-, 497/23.03.2024- 19435/- ആകെ 470024/-)

മേൽ പരാമർശിത കുടിവെള്ള പദ്ധതികളിൽ നിന്ന് കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ടോയെന്നും, പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നും, ഗുണഭോക്തൃസമിതിക്ക് പദ്ധതി കൈമാറിയിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറികൾക്ക്(35/16-10-24,34/16-10-24)മറുപടി ലഭ്യമാക്കിയിട്ടില്ല.
കുടിവെള്ള പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിച്ചുവെന്ന് ഉറപ്പാക്കാൻ കഴിയാത്തതിനാൽ മേൽ പദ്ധതിക്കായി തൻവർഷം ചെലവഴിച്ച 181383/-രൂപയുടെയും,470024/-രൂപയുടെയും(ആകെ 651407/-) ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകൾക്കായി നിർവഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നം.	പ്രോജക്ട് നമ്പർ, പേര്	ഫണ്ടിനം	ആകെചെലവ്	തുക, ബിൽ	സ്ഥാപനം

				നമ്പർ , തീയതി	
1	266/24. പാണ്ടൂർ-പായിപ്ര കുടിവെള്ള പദ്ധതി-തുടർപ്രവർത്തനം-വാർഡ് 5	ധനകാര്യ കമ്മീഷൻ അവാർഡ്	200000/-	653/ -03-24	ഭൂജല വകുപ്പ്, കോട്ടയം
2	46/24- സ്ലീറ്റ് മെയിൻ വലിയ്ക്കൽ -	വികസന ഫണ്ട്	930822/-	579/ 25-03-24	കെ എസ് ഇ ബി, പാമ്പാടി
	ആകെ		1130822/-		

പദ്ധതികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ 1130822/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാനവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയ്ക്കായി വിവിധ ഘട്ടങ്ങളിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ട് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമനം.	ഗുണഭോക്താവിന്റെ പേര്	കരാറിലേർപ്പെട്ട വർഷം	നാളിതുവരെ നൽകിയ തുക (രൂപയിൽ)	റിമാർക്സ്
	ഫേസ് III-പൊതുവിഭാഗം			
1	കുഞ്ഞമ്മ തോമസ്, പുറത്തയിൽ	2021-22	200000	ബേസ്മെന്റ് പൂർത്തിയാക്കിയിട്ടുണ്ട്
2	ബിന്ദു ജിനു,നെടുംപുഞ്ചയിൽ	2021-22	140000	ബേസ്മെന്റ് പൂർത്തിയാക്കിയിട്ടുണ്ട്
3	തങ്കമ്മ ശശി,മഠത്തിപ്പറമ്പിൽ	2022-23	40000	നിർമ്മാണം ആരംഭിച്ചില്ല
4	അംബികാമണി ,വടക്കേക്കര	2022-23	40000	നിർമ്മാണം ആരംഭിച്ചില്ല
5	ആൻസി സതീഷ് മട്ടാഞ്ചേരി	2022-23	40000	നിർമ്മാണം ആരംഭിച്ചില്ല
6	സുജ മാന്തറയിൽ	2022-23	200000	ബേസ്മെന്റ് പൂർത്തിയാക്കിയിട്ടുണ്ട്
	SC/ST Additional List			

1	സുന്ദ,കല്ലുവേലിപ്പറമ്പ്	2022-23	40000	നിർമ്മാണം ആരംഭിച്ചില്ല
2	ഉഷ ബാബു,പള്ളിതെക്കേതിൽ	2022-23	200000	ബേസ്മെന്റ് പൂർത്തിയാക്കിയിട്ടുണ്ട്

പ്രസ്തുത വ്യക്തികളുടെ ഭവന നിർമാണം പുരോഗതി വിലയിരുത്തി തുടർ ധനസഹായം അനുവദിക്കേണ്ടതാണ്. കൈപ്പറ്റിയ ധനസഹായം ദുരുപയോഗം ചെയ്തിട്ടുള്ളപക്ഷം നിയമാനുസൃത പലിശസഹിതം തിരികെ ഈടാക്കാനും, പരിഗണന അർഹിക്കുന്ന സാഹചര്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഉചിത നടപടികളിലൂടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-39 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം -ഹരിതകർമ്മസേനയിലൂടെ

I. ആമുഖം

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭക ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന തൊഴിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് മാലിന്യനിർമ്മാർജന പ്രക്രിയകൾ മാറേണ്ടിയിരിക്കുന്നു. 20 വാർഡുകൾ ഉൾക്കൊള്ളുന്ന പാമ്പാടി ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞ് കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴിവാക്കിയാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 9033 വീടുകളിലും കടകളും മറ്റ് സ്ഥാപനങ്ങളുമായി 885 എണ്ണങ്ങളിലുമാണുള്ളത്.ആകെ ജനസംഖ്യ 33004 ആണ്. ആകെ 20 വാർഡുകളിലേക്കായി 34 ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ ശേഖരണ സംസ്കരണപ്രവർത്തനത്തിൽ പങ്കാളികളായിട്ടുള്ളത്. വാർഡ് 14 ൽ

ഹരിതകർമ്മസേനാംഗങ്ങൾ ഇല്ലാതെയും ചിലവാർഡുകളിൽ ഒരാൾ വീതവുമാണ് പ്രവർത്തിക്കുന്നത്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഒഴിഞ്ഞുകിടക്കുന്നവയൊഴികെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പാമ്പാടി ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ വിവരിക്കുന്നു.

1) പാമ്പാടി ഫയർസ്റ്റേഷന് സമീപം ആറാം വാർഡിൽ പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് രണ്ട് കെട്ടിടങ്ങളായി നിർമ്മിച്ചിട്ടുള്ള എം.സി.എഫ് ന് മതിയായ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതിനാൽ വാർഡ് 15 കാഞ്ഞിരക്കാട് കവലയ്ക്ക സമീപം വാടകയ്ക്കെടുത്ത കെട്ടിടവും എം സി എഫ് നായി ഉപയോഗിച്ചുവരുന്നു.

2) എല്ലാ വാർഡിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്.

3)മാലിന്യനീക്കത്തിന് ഇലക്ട്രിക് വാഹനം വാങ്ങുകയും ഡ്രൈവറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.
4)ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.



2 ഹരിത കർമ സേനാ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ കാര്യമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 34 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്.വീടുകളിൽനിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം.സി.എഫ്.-കളിൽ തരം തിരിച്ച് , തുടർന്ന് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് സൂക്ഷിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്. മാലിന്യനീക്കം കാര്യക്ഷമമായി നടക്കുന്നുവെന്നാണ് എം.സി.എഫി ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് വാതിൽപ്പടി ശേഖരണ വേളയിൽ ഹരിതകർമ്മസേനാംഗങ്ങൾ ബോധവൽക്കരണം നടത്താറുണ്ട് എന്നാണ് ഇതുസംബന്ധിച്ച് അറിയിച്ചത്.

3 മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ

ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിച്ചതു സംബന്ധിച്ച രേഖാമൂലം വിവരം ലഭ്യമാക്കിയത് പ്രകാരവും ,നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് പിടിച്ചെടുത്തതിന്റെ അടിസ്ഥാനത്തിലും കുറ്റക്കാരായി കണ്ടത്തിയവരിൽ നിന്ന് പിഴ ഇനത്തിൽ നാളിതുവരെ 65500/-രൂപ ഈടാക്കിയതായും അറിയിച്ചു.

4 മാലിന്യശേഖരണത്തിലെ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കൃ.ആർ കോഡ് പതിക്കുന്ന നടപടി പൂർത്തിയായി വരുന്നു.ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനായി ജി ബിൻ കംപോസ്റ്റ് യൂണിറ്റുകളുടെ വിതരണം,ശ്രുചിത്വ മാലിന്യ സംസ്കരണം തുടങ്ങിയ പ്രോജക്ടുകൾ പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ മാലിന്യ ശേഖരണാർത്ഥം പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല.

5 തൊഴിൽസൃഷ്ടിക്കൽ.

34 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും നിയന്ത്രിക്കുന്നതിനായി ഹരിത കർമസേന കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയും(,അക്കൗണ്ട് നം.40542101032361) അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതായി കാണുന്നു.ഹരിതകർമ്മസേന കൺസോർഷ്യം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 വർഷം 4656000/രൂപ യൂസർഫീ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.കൂടാതെ ക്ലീൻകേരള കമ്പനിയിൽ നിന്ന് ഇനം തിരിച്ച പ്ലാസ്റ്റിക്കിനുള്ള വിലയായി 30876/രൂപയും ലഭ്യമായിട്ടുണ്ട്.വേതനം ഇനത്തിൽ 4190345/രൂപ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി.കുറഞ്ഞത് 6345/രൂപമുതൽ 12390/രൂപ വരെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി വരുമാനം ലഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവിനായി ജി ബിന്നിൽ ഉപയോഗിക്കുന്ന ഇന്നോക്കുലം വിതരണം ചെയ്യാറുണ്ട്.

6 അടിസ്ഥാന സൗകര്യങ്ങൾ

മാലിന്യ നീക്കത്തിനായി നിലവിൽ ഇലക്ട്രിക് പെട്ടി ഓട്ടോറിക്ഷ ഉണ്ട്. ഡ്രൈവറെ പ്രത്യേകം നിയമിച്ചിരിക്കുകയാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സേനാംഗങ്ങൾക്ക് ഗ്ലൗസ്, യൂണിഫോം,ഗംബൂട്ട്, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നല്കിയിട്ടുണ്ട്.കൂടാതെ ഡ്രസ്സിംഗ് റൂം സൗകര്യങ്ങളും എം.സി.എഫ് ൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഫയർ എക്സ്റ്റിംഗ്യുഷറുകൾ സ്ഥാപിച്ചിട്ടുണ്ട്.എന്നാൽ നിരീക്ഷണ ക്യാമറകൾ,ശ്രുചിമുറിസൌകര്യങ്ങൾ,സ്ഥിരമായ കുടിവെള്ളസംവിധാനം എന്നിവ ഇനിയും ഏർപ്പെടുത്തിയിട്ടില്ല.

7. പരിശീലനവും വികസനവും

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ചും മാലിന്യം തരംതിരിക്കൽ സംബന്ധിച്ചും പരിശീലന സെക്ഷനുകൾ നൽകിയിട്ടുണ്ട്.

8. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് രണ്ട് കെട്ടിടങ്ങളിലായുള്ള എം സി എഫിന് മതിയായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വാടകക്കെട്ടിടത്തിലും കൂടിയാണ് എം സി എഫ് നിലവിൽ പ്രവർത്തിച്ച് വരുന്നത്. എം.സി.എഫ് ൽ ടിപ്പിംഗ്ഏരിയ, സ്റ്റോറേജ്ഏരിയ, മെഷിനറിഏരിയ, എന്നിങ്ങനെ തരം തിരിച്ച് ഏർപ്പെടുത്തിപ്പെടുത്തുന്നതിനുള്ള സൗകര്യം ഇല്ല. സ്വന്തം സ്ഥലത്തുള്ള ഒരു എം സി എഫ് ബിൽഡിംഗിൽ ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. മാലിന്യശേഖരണസംസ്കരണ പ്രവർത്തനങ്ങൾ എന്നേയ്ക്കും തുടരേണ്ട സാഹചര്യത്തിൽ വാടകയിനത്തിലെ ബാദ്ധ്യത ഒഴിവാക്കി എം സി എഫ് നായി മതിയായ സൗകര്യങ്ങളുള്ള സ്വന്തമായുള്ള ഒരു കെട്ടിടം പഞ്ചായത്തിന്റെ സ്ഥലത്ത് തന്നെ സ്ഥാപിക്കുന്നതാണ് മാലിന്യം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ഉചിതമാവുക.



9. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ശേഖരിക്കുകയും തരം തിരിക്കുകയും ചെയ്യുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിരിക്കുന്നു. എല്ലാ മാസവും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ അധ്യക്ഷതയിൽ ഹരിതകർമ്മസേനാംഗങ്ങളുടെ യോഗം വിളിച്ച് ചേർത്ത്പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചകളിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി നിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിലെ അസി.സെക്രട്ടറിയുടെയും, വി ഇ ഒ യുടെയും മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന പ്രവർത്തിച്ചുവരുന്നത്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്.

സമൂഹത്തിൽ ഒരു മാലിന്യനിർമ്മാർജ്ജന സംസ്കാരം രൂപപ്പെട്ടിട്ടില്ലാത്തതിനാൽ ഹരിതകർമ്മസേന പ്രവർത്തനം ഒരു സമൂഹസേവനമായി കരുതുന്നവർ വളരെ കുറവായതിനാൽ മറ്റുള്ളവർ നിർബന്ധിതപിരിവായാണ് യൂസർഫീയെ കണക്കാക്കുന്നതെന്നതും,പ്രതികൂലമായ കാലാവസ്ഥ,പ്രാദേശികമായ സംഭവങ്ങൾ, ഹരിതസേനാംഗങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ എന്നിവ ഹരിതകർമ്മസേന പ്രവർത്തനത്തിൽ പ്രായോഗികബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും അറിയിച്ചു.

എന്നിരിക്കിലും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഉപകരിക്കുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാപൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ ടി പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കുന്നതിനും ഹരിതകർമ്മസേനപ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

10.ശുപാർശകൾ.

- ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് മതിയായ സൗകര്യങ്ങളുള്ള MCF ,മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മാലിന്യ നീക്കത്തിനായി ഹരിത കർമ്മസേനയ്ക്ക് ലഭ്യമാക്കിയ വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങളെ പര്യാപ്തരാക്കുക.
- മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2023-24 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 08/10/2024,09/10/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് **36,31,355/-** രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് **17,51,727/-** രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി
കോട്ടയം ജില്ലാ പഞ്ചായത്ത്	3,00,000/-	ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും യാത്രാ ബത്തയും (118/24)	3,00,000/-	0
	59,600/-	ലൈഫ് ഭവന നിർമ്മാണം -പട്ടികവർഗ്ഗം (28/24)	59,600/-	0
	4,80,000/-	ലൈഫ് ഭവന നിർമ്മാണം -പട്ടിക ജാതി(27/24)	4,80,000/-	
	1,60,0000/-	ലൈഫ് ഭവന നിർമ്മാണം -ജനറൽ (20/24)	1,60,0000/-	0
	463283	ഗ്രാമറ്റം അംഗൻവാടി പൂർത്തീകരണം-വാർഡ് 2(205/24)	463283	0
	728472	ഇല്ലിമറ്റം വത്തിക്കാൻ റോഡ് കോൺക്രീറ്റിംഗ് വാർഡ് 13	728472	0
ആകെ	**36,31,355/-**	**ജില്ല പഞ്ചായത്ത് വിഹിതം**	**36,31,355/-**	**0**
പാമ്പാടി	2,04,000/-	ഭിന്ന ശേഷി	2,04,000/-	0

		യുള്ളവർക്ക് സ്കോളർഷിപ്പ് (118/24)		
	87400/-	ലൈഫ് ഭവന നിർമ്മാണം -പട്ടികവർഗ്ഗം (28/24)	87400/-	0
ബ്ലോക്ക് പഞ്ചായത്ത്	348000/-	ലൈഫ് ഭവന നിർമ്മാണം -പട്ടിക ജാതി(27/24)	348000/-	0
	700000/-	ലൈഫ് ഭവന നിർമ്മാണം -ജനറൽ (20/24)	700000/-	0
	412327/-	കൊല്ലംപറമ്പ് -വാര്യത്തുപടി റോഡ് പുനരുദ്ധാരണം(280/24	412327/-	0
ആകെ	**17,51,727/-**	**ബ്ലോക്ക് പഞ്ചായത്ത് വിഹിതം**	**17,51,727/-**	**0**

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24 വർഷം പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് ഭൂജല വകുപ്പ്(GWD), KSEB എന്നീ നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലൂടെ തുക നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.)	മുൻകൂർ നൽകിയത്	ചെലവഴിച്ച തുക	ബാക്കി തുക
ഭൂജല വകുപ്പ് (GWD)	പാന്തൂർ-പായിപ്ര കുടിവെള്ള പദ്ധതി തുടർ പ്രവർത്തന വാർഡ് 5 (266/24)	2,00,000/-	0	2,00,000/-
KSEB	സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ (46/24)	9,30,822/-	0	9,30,822/-

2023-24 വർഷം ഭൂജല വകുപ്പിലും,കെ എസ്.ഇ.ബി-യിലും നിക്ഷേപിച്ച തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

പാമ്പാടി ഗ്രാമപഞ്ചാത്ത് ഫണ്ടിൽ നിന്നും 2023-24 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം പഞ്ചായത്ത് വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം 31/03/2024-ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് പദ്ധതി ഹഡ്കോ വായ്പ(KURDFC)	ജി.ഒ.(എം.എസ്) 68/2018/LSGD തീ-18.05.2018	7,296,804/-	ഇല്ല	223,196/-	-	7,073,608/-

സെക്രട്ടറിയുടെ 350/24, 345/24,347/24 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ (SCSP)-യിൽ നിന്നും 223,196/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്താണ്(Source Deduction) KURDFC വായ്പ തിരിച്ചടവ് നടത്തിയത്. വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക B5 ,ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുണ്ട്.

4-6 സ്ഥിരനിക്ഷേപങ്ങൾ

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ സ്ഥിരനിക്ഷേപ(Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5,037,317/-
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
തൻവർഷം നിക്ഷേപിച്ച തുക(പലിശ)	371830/-
ആകെ	5,409147/-
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
31/03/2024-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5,409,147/-

31/03/2024 വരെയുള്ള സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ നിക്ഷേപ തുകയിലേക്ക് ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. നിക്ഷേപ സർട്ടിഫിക്കറ്റുകൾ, നിക്ഷേപ സ്ക്രോൾ പ്രകാരം പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

നിക്ഷേപിച്ച ബാങ്ക്/ശാഖ	FD Account No./ പലിശ നിരക്ക്	01/04/2023 മുന്നിരിപ്പ്	2023-24 ൽ ലഭിച്ച പലിശ	31/03/2024 നീക്കിയിരിപ്പ്	നിക്ഷപം പുതുക്കിയ തീയതി
Pampady Service Co-	24827/ 7.25 %	24,74,967/-	1,73,248/-	26,48,215	04/08/2024 12 മാസം

Operaive Bank Ltd No.831 /പാമ്പാടി					
Velloor Service Co-Operaive Bank Ltd No.K-231	0110200016194 /7.75 %	25,62,350/-	198582/-	27,60,932	04/02/2024 12 മാസം
ആകെ സ്ഥിര നിക്ഷേപം		**50,37,317/-**	**371,830/-**	**5,409,147/-**	

4-7 ഓഡിറ്റ് റിക്കവറി

2023-24 വർഷം ലഭിച്ച ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഈടാക്കിയ തുക	ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/തീയതി
2021-22	ഖണ്ഡിക 1-28	6000	മെഡിക്കൽ ഓഫീസർ,(പി എച്ച് സി)	1230100895/29.05.2023
2010-11	ഖണ്ഡിക 2-7	2206	ഡയറി എക്സ്റ്റൻഷൻ ഓഫീസർ ,പാമ്പാടി	1230103071/ 07.10.2023
2010-11	ഖണ്ഡിക 2-7	2934	മെഡിക്കൽ ഓഫീസർ, ജി എഡി,കുറ്റിക്കൽ	1230103318/ 27.10.23
ആകെ തുക		11,140		

RP-10 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 14366/-രൂപയുടെ വരവുണ്ട്. ബാക്കി 3226/-രൂപ സി&എ ജി റിപ്പോർട്ട് ഖണ്ഡിക പ്രകാരമുള്ള ഓഡിറ്റ് റിക്കവറി ആണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പാമ്പാടി ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-4-1	2016-17	നം.1, അനുബന്ധം-3	വസ്തു നികുതി പരിഷ്കരണത്തിന് ആധികാരിക സ്ഥിരീകരണമില്ല	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2014-15	2-4-2	2016-17	നം.2, അനുബന്ധം-4	തൊഴിൽ നികുതി	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2015-16	2-4-1, 2-4-2, 2-4-3, 2-4-4	2016-17	നം.2, അനുബന്ധം-5	തൊഴിൽ നികുതി	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പെടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	121,432,993/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	48,665,167/-
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		156,485,733/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		149,504,098/-
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	39,49,431/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക. നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-25	635324/-	ശ്രീ. റോയ് കെ. ജോർജ്ജ്, സെക്രട്ടറി ഇൻ-ചാർജ്ജ്
1-26	1,99,988/-	ശ്രീമതി. റ്റി. ആശാറാണി, സെക്രട്ടറി
1-27	700000/-	ശ്രീമതി. റ്റി. ആശാറാണി, സെക്രട്ടറി
1-29	174894/-	ഡോ. സജിമോൻ പി.പി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
1-33	456996/-	ശ്രീമതി. ഷീനാമോൾ പി.ബി., അസി. എഞ്ചിനീയർ
1-36	181383/-	ശ്രീമതി. ഷീനാമോൾ പി.ബി., അസി. എഞ്ചിനീയർ
	470024	ശ്രീമതി. ഷീനാമോൾ പി.ബി., അസി. എഞ്ചിനീയർ
1-37	1130822	ശ്രീമതി. റ്റി. ആശാറാണി, സെക്രട്ടറി
ആകെ	**39,49,431/-**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-25

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

	വിവരം	
1993-94	എൽ.എഫ്.കെ.പി4/388 /2000/03.08.2000	-
1995-96	എൽ.എഫ്.കെ.പി4/178 /2008/15.12.2008	-
1999-02 (Plan)	എൽ.എഫ്.കെ.പി6/164 /2003/07.08.2008	-
2002-03	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/103(2)/ 2022/03.08.2022	1
2003-04	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/103(3)/ 2022/03.08.2022	1
2004-05	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/103(4)/ 2022/03.08.2022	3
2007-08	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/1099/ 2022/03.08.2022	3
2008-09	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/ 1101/2022/03.08.2022	1
2009-10	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/ 1235/2022/03.08.2022	2
2010-11	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/ 1100/2022/03.08.2022	5
2011-12	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/ 1102/2022/03.08.2022	4
2012-13	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/ 1233/2022/03.08.2022	4
2013-14 & 2014-15	കെ.എസ്.എ.- കെ.ടി.എം.പി13(അദാ-2022)/ 1104/2022/03.08.2022	4
2015-16	കെ.എസ്.എ.-	14

	കെ.ടി.എം.പി13/1103/ 2022/08.08.2022	
2016-17	കെ.എസ്.എ.- കെ.ടി.എം.പി13/1234/ 2022/24.06.2022	11
2017-18	കെ.എസ്.എ.- കെ.ടി.എം.പി13/1105/ 2022/29.08.2022	16
2018-19	കെ.എസ്.എ.- കെ.ടി.എം.പി13/1340/ 2022/31.08.2022	21
2019-20	കെ.എസ്.എ.- കെ.ടി.എം.പി13/1190/ 2021/03.01.2022	17
2020-21	കെ.എസ്.എ.- കെ.ടി.എം.പി13/1191/ 2021/03.01.2022	22
2021-22	കെ.എസ്.എ.-കെ.ടി.എം-പി13/1368/ 2023/16.02.24	22
2022-23	കെ.എസ്.എ.-കെ.ടി.എം-പി13/1665/ 2023/22.02.24	57

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2 dated 26-06-2024 and submitted on 07-09-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pampady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pampady Grama Panchayat as on 31-03-2024

Date: 15/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pampady Grama Panchayat for the Year 2023-2024.

1.Major Observations

1. The accuracy of the total general fund of the Grama Panchayath as on 31/03/2024 is not clear in the absence of supporting documents.
2. Capital contribution register recording the asset-revenue-wise expenditure of various grants, has not been maintained.
3. Assets are not classified, evaluated and accounted as per instructions in G.O.(MS)152/2011 dated 26/07/2011. No records have been maintained elucidating the

authenticity and accuracy of information and value of assets as on 31/03/2024.

2.Other Observations

1. Government/Other dues register is not maintained which shows the accuracy of the amounts due to Government/Other Institutions.
2.The DCB figures for profession tax of employees and establishments are consistent with the annual figures, but DCB has not prepared for the profession tax of traders.
DCB of other non-tax revenue like license fee, paramedical registration etc. has not been prepared.
The bus stand collection amount does not match with the annual figures in accounts.
3. Beneficiary share not accounted properly in AFS.
4. ACR entries on utilization of special purpose grants is not accurate.
5. The amounts in the deposit register does not match with the annual figures in AFS.
6. The expenditure recorded in the Annual Accounts under Maintenance Grant (Non Road) does not match with the expenditure in Sulekha Expenditure, appropriation control register and grant statement.
7. The amounts shown in KURDFC loan head and prepaid programme expenditure are different.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്